# ഞാവള്ളിൽ കുടുംബയോഗം

## ചാരിറ്റബിൾ ട്രസ്റ്റ്

**Reg No. 127/IV/2017**

**കരൂർ പി ഒ, പാലാ 686574**

Website: www.njavallil.com, Email: mail@njavallil.com



## ന്യൂസ് ലെറ്റർ നവംബർ 2025

29 – ാം വാർഷികം, 2026 ജനുവരി 26 തിങ്കളാഴ്ച

**കരൂർ തിരുഹൃദയദേവാലയ പാരീഷ്ഹാളിൽ വച്ച്**

- പൊതുയോഗ നോട്ടീസ്
- 2025 – 26 ലെ ഭാരവാഹികൾ
- 2025 ലെ വാർഷികത്തിന്റെ റിപ്പോർട്ട്
- അറിയിപ്പുകൾ
- അവാർഡുകൾ പുരസ്കാരങ്ങൾ
- 2024 – 25 ലെ വാർഷിക കണക്ക്
- 2024 – 25 ലെ പ്രവർത്തനങ്ങൾ

# 28–ാം വാർഷികസമ്മേളനം 26.01.2025












സ്നേഹം നിറഞ്ഞ ഞാവള്ളിൽ കുടുംബാംഗങ്ങളെ,

അടുത്തുവരുന്ന ക്രിസ്തുമസിന്റെയും നവവത്സരത്തിന്റെയും സ്നേഹം നിറഞ്ഞ ആശംസകൾ ഓരോ കുടുംബാംഗങ്ങൾക്കും നേർന്നുകൊള്ളുന്നു. മനുഷ്യ രക്ഷയ്ക്കായി പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയേശു നാമെല്ലാവരെയും സംരക്ഷിക്കുകയും നയിക്കുകയും ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുകയും എല്ലാ കുടുംബാംഗങ്ങൾക്കും സന്തോഷവും സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞ ഒരു പുതുവത്സരം ആശംസിക്കു കയും ചെയ്യുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വസിക്കുന്ന എല്ലാ കുടുംബാംഗ ങ്ങളുടെയും ക്ഷേമത്തിനും സംരക്ഷണത്തിനുമായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

കഴിഞ്ഞ വർഷത്തെ നമ്മുടെ വാർഷികപൊതുയോഗം 2025 ജനുവരി 25-ാം തീയതി തൊടുപുഴ മർച്ചന്റ്സ് ട്രസ്റ്റ് ഹാളിൽ വച്ച് ആഘോഷിക്കാൻ നമുക്കു സാധിച്ചു. നമ്മുടെ 29-ാം വാർഷികസമ്മേളനം **2026 ജനുവരി 26-ാം തീയതി തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് കരൂർ തിരുഹൃദയദേവാലയ പാരീഷ്ഹാളിൽ** വച്ച് പൊതുയോഗത്തോടെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷ പൂർവ്വം അറിയിക്കുന്നു. സമ്മേളനത്തിലേയ്ക്ക് എല്ലാ കുടുംബാംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു. പൊതുയോഗനോട്ടീസ് ഇതോടൊപ്പം അയയ് ക്കുന്നു.

കഴിഞ്ഞ മൂന്നുവർഷമായി കുടുംബയോഗത്തിന്റെ വകയായി കലണ്ടർ പ്രസി ദ്ധീകരിച്ചുവരുന്നു. കുടുംബയോഗത്തിന്റെ ഈ ഉദ്യമത്തെ എല്ലാ കുടുംബാംഗങ്ങളും പ്രോത്സാഹനപൂർവ്വം സ്വീകരിക്കുകയുണ്ടായി. ഈ വർഷവും കലണ്ടർ ഇറക്കാൻ കുടുംബയോഗ കമ്മറ്റി തീരുമാനിക്കുകയും, അതിൻപ്രകാരം 2026 -ലെ കലണ്ടർ അച്ചടിക്കുകയും ചെയ്തിട്ടുണ്ട്. കലണ്ടർ ന്യൂസ്ലെറ്ററിനോടൊപ്പം എല്ലാ അംഗങ്ങൾ ക്കും അയച്ചു കൊടുക്കാൻ ശ്രമിച്ചിട്ടുണ്ട്.

ന്യൂസ് ലെറ്ററിനും കലണ്ടറിനും പരസ്യങ്ങൾ നൽകി സഹായിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു. കുടുംബയോഗത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ എല്ലാവിധ സഹായസഹകരണങ്ങളും പ്രതീക്ഷിച്ചുകൊണ്ട്,

ഞാവള്ളിൽ കുടുംബയോഗ ഭരണസമിതിക്ക് വേണ്ടി

| പ്രസിഡന്റ് | സെക്രട്ടറി | ട്രഷറർ |
|---|---|---|
| **ശ്രീ. അലക്സ് കെ.സി.** | **ശ്രീ. കുര്യാക്കോസ് അലക്സാണ്ടർ** | **ശ്രീ. ടോമി സെബാസ്റ്റ്യൻ** |
| കൂന്താനത്ത് | കയത്തിൻകര | മംഗലത്തിൽ |
| കരൂർ പി.ഒ. | കരൂർ പി.ഒ. | പാലാ പി.ഒ. |
| 9447420943 | 9526610890 | 8281945412 |

# ഞാവള്ളിൽ കുടുംബയോഗം
## ചാരിറ്റബിൾ ട്രസ്റ്റ്

**Reg No. 127/IV/2017 കരൂർ പി ഒ, പാലാ 686574**

Website: www.njavallil.com, Email: mail@njavallil.com

## വാർഷിക പൊതുയോഗം 2025 – 26

പ്രിയ കുടുംബാംഗങ്ങളെ,

നമ്മുടെ കുടുംബയോഗട്രസ്റ്റിന്റെ **29 –ാം വാർഷിക പൊതുയോഗം 2026 ജനുവരി മാസം 26 –ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് കരൂർ തിരുഹൃദയദേവാലയ പാരീഷ്ഹാളിൽ വച്ച്** നടത്തപ്പെടുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. പൊതുയോഗത്തിനു മുന്നോടിയായി അന്നേദിവസം രാവിലെ 8.30 നു കരൂർ തിരുഹൃദയദേവാലയത്തിൽ വച്ച് വിശുദ്ധ കുർബ്ബാനയും ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

രാവിലെ നടക്കുന്ന വിശുദ്ധ കുർബ്ബാനയ്ക്കും പൊതുയോഗത്തിലേക്കും എല്ലാ കുടുംബാംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

ഞാവള്ളിൽ കുടുംബയോഗഭരണസമിതിക്കുവേണ്ടി,

| | | |
|---|---|---|
| പ്രസിഡന്റ് | സെക്രട്ടറി | ട്രഷറർ |
| **ശ്രീ. അലക്സ് കെ. സി.** | **ശ്രീ. കുര്യാക്കോസ് അലക്സാണ്ടർ** | **ശ്രീ. ടോമി സെബാസ്റ്റ്യൻ** |
| കൂന്താനത്ത് | കയത്തിൻകര | മംഗലത്തിൽ |
| 9447420943 | 9526610890 | 8281945412 |

Meeting Location

# ഞാവള്ളിൽ കുടുംബയോഗം ചാരിറ്റബിൾ ട്രസ്റ്റ്

**Reg No. 127/IV/2017**

**കരൂർ പി.ഒ., പാലാ 686574**

**Website: www.njavallil.com, Email: mail@njavallil.com**

---

## വാർഷിക പൊതുയോഗ നോട്ടീസ്

ഞാവള്ളിൽ കുടുംബയോഗം ചാരിറ്റബിൾ ട്രസ്റ്റിന്റെ 2025-26 വർഷത്തെ വാർഷികപൊതുയോഗം 2026 ജനുവരി 26-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് കരൂർ തിരുഹൃദയദേവാലയ പാരിഷ്ഹാളിൽ വച്ച് പൊതുസമ്മേളനത്തോടെ നടത്തപ്പെടുന്നതാണ്. പൊതുയോഗത്തിന്റെ വിശദവിവരങ്ങൾ കുടുംബയോഗത്തിന്റെ വെബ്സൈറ്റിൽ നൽകുന്നതാണ്. രാവിലെ 8.30 മണിക്ക് കരൂർ പള്ളിയിൽ വിശുദ്ധ കുർബാനയും ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത പരിപാടികളിലേക്ക് എല്ലാ കുടുംബാംഗങ്ങളും പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

കുടുംബയോഗം ഏർപ്പെടുത്തിയിരിക്കുന്ന വിവിധ സ്കോളർഷിപ്പുകൾക്കും പുരസ്ക്കാരങ്ങൾക്കും 2026 ജനുവരി 15 തീയതിക്ക് മുൻപായി ലഭിക്കത്തക്കവിധം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

## പുരസ്കാരങ്ങളും സ്കോളർഷിപ്പുകളും

1. **കെ. സി. സെബാസ്റ്റ്യൻ, കാടൻകാവിൽ (മുൻ എം.പി) മെമ്മോറിയൽ എൻഡോവ്മെന്റ് - 2000 രൂപ. (മികച്ച സാഹിത്യ കൃതിക്ക്)**

   2025 ൽ ഞാവള്ളിൽ കുടുംബാംഗങ്ങളിൽപ്പെട്ട, മികച്ച സാഹിത്യകൃതി രചിച്ച ഒരാൾക്ക് ആയിരിക്കും ഈ എൻഡോവ്മെന്റ്. കൃതിയുടെ ഒരു കോപ്പി സഹിതം അപേക്ഷിക്കേണ്ടതാണ്.

2. **ഫ്രാൻസിസ് തോമസ്, കയത്തിൻകര മെമ്മോറിയൽ സ്കോളർഷിപ്പ് - 2000 രൂപ**

   കുടുംബാംഗങ്ങളുടെ മക്കളിൽ ഈ വർഷം പത്താം ക്ലാസ് പരീക്ഷയിൽ (സി.ബി.എസ്.ഇ/ ഐസിഎസ്ഇ/സ്റ്റേറ്റ് സിലബസ്) ഏറ്റവും കൂടുതൽ മാർക്ക്/ഗ്രേഡ് കരസ്ഥമാക്കിയവർക്ക് ഏർപ്പെടുത്തിയത്.

   പത്താം ക്ലാസ്സിൽ ഗ്രേഡിംഗ് സിസ്റ്റം ആയതിനാൽ അപേക്ഷകരിൽ ഫുൾ എ+ വാങ്ങിയ കുട്ടികൾക്കായി അവാർഡ് തുക വീതിച്ചു നൽകുകയാണ് ഇപ്പോൾ

ചെയ്യുന്നത്. അതിനാൽ ഫുൾ എ+ കിട്ടിയ കുട്ടികൾക്ക് അപേക്ഷിക്കാവുന്നതാണ്.

3. **കെ. എഫ് ജോസഫ്, കൂന്താനം മെമ്മോറിയൽ സ്കോളർഷിപ്പ് – 2000 രൂപ**

കുടുംബാംഗങ്ങളുടെ മക്കളിൽ ഈ വർഷം പ്ലസ് ടു പരീക്ഷയിൽ (സിബിഎസ് ഇ/ഐസിഎസ്ഇ/ സ്റ്റേറ്റ് സിലബസ്) ഏറ്റവും കൂടുതൽ മാർക്ക്/ഗ്രേഡ് കരസ്ഥമാക്കിയവർക്കായി ഏർപ്പെടുത്തിയത്.

പ്ലസ് ടു ക്ലാസ്സിൽ ഗ്രേഡിംഗ് സിസ്റ്റം ആയതിനാൽ അപേക്ഷകരിൽ ഫുൾ എ+ വാങ്ങിയ കുട്ടികൾക്കായി അവാർഡ് തുക വീതിച്ചു നൽകുകയാണ് ഇപ്പോൾ ചെയ്യുന്നത്. അതിനാൽ ഫുൾ എ+ കിട്ടിയ കുട്ടികൾക്ക് അപേക്ഷിക്കാവുന്നതാണ്.

4. **റവ. സി. ജെയിംസ് മേരി സി.എം.സി, ഞാവള്ളിൽ പുത്തൻപുരയിൽ മെമ്മോറിയൽ സ്കോളർഷിപ്പ് – 2000 രൂപ**

വേദപാഠത്തിന് പന്ത്രണ്ടാം ക്ലാസ്സിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന നമ്മുടെ കുടുംബത്തിൽപെട്ട ഒരു കുട്ടിക്ക് ആയിരിക്കും ഈ സ്കോളർഷിപ്പ്.

5. **കെ.കെ. സിറിയക്, കാടൻകാവിൽ മെമ്മോറിയൽ സ്കോളർഷിപ്പ് – 2000 രൂപയും മൊമെന്റോയും**

പത്താം ക്ലാസിൽ വേദപാഠത്തിന് ഒന്നാം സ്ഥാനം ലഭിക്കുന്ന നമ്മുടെ കുടുംബത്തിൽപെട്ട ഒരു കുട്ടിക്ക് ആയിരിക്കും ഈ സ്കോളർഷിപ്പ്.

6. **ചെറിയാൻ ജോസഫ്, കൂന്താനം മെമ്മോറിയൽ ക്യാഷ് അവാർഡ് – 2000 രൂപയും മൊമെന്റോയും**

പാഠ്യേതര വിഷയങ്ങളിൽ ഏറ്റവും മികവു തെളിയിച്ച ഒരാൾക്ക് ആയിരിക്കും ഈ അവാർഡ്

7. **കുരുവിള ജോസഫ് പഴയിടം മെമ്മോറിയൽ ക്യാഷ് അവാർഡ് ഞാവള്ളിൽ ലൈഫ്ടൈം ഹെൽത്തി ലൈഫ് സ്റ്റൽ എൻഡോവ്മെന്റ് – 3000 രൂപ.**

ശരിയായ ജീവിതശൈലിയിലൂടെ പൂർണ്ണ ആരോഗ്യവാന്മാരായി ജീവിതം നയിക്കുന്ന 70 വയസ്സിനുമേൽ പ്രായമുള്ള കുടുംബാംഗത്തിനായിരിക്കും ഈ അവാർഡ്. (ഈ അവാർഡ് മുൻപ് ലഭിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല)

8. **അന്ന ജോസഫ് പഴയിടം മെമ്മോറിയൽ ക്യാഷ് അവാർഡ് ഞാവള്ളിൽ ലൈഫ്സ്റ്റൈൽ റിജന്യൂവേഷൻ എൻഡോവ്മെന്റ് – 3000 രൂപ.**

ജീവിതശൈലി രോഗങ്ങൾ വന്നുകഴിഞ്ഞ് ശരിയായ ജീവിതശൈലി ക്രമീകരണത്തിലൂടെ പൂർവ്വാധികം ആരോഗ്യം തിരിച്ചുപിടിച്ച 70 വയസ്സിന് താഴെയുള്ള

കുടുംബാംഗത്തിനായിരിക്കും ഈ അവാർഡ്. (ഈ അവാർഡ് മുൻപ് ലഭിച്ചിട്ടുള്ള വർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല)

മേൽപ്പറഞ്ഞ പുരസ്കാരങ്ങൾക്ക് യോഗ്യതയുള്ളവർ സർട്ടിഫിക്കറ്റിന്റെ കോപ്പി/ റിക്കാർഡുകൾ സഹിതം 2026 ജനുവരി 15ന് മുമ്പ് ഭാരവാഹികളെ ഏൽപ്പിക്കണം.

വിവിധ മേഖലകളിൽ അംഗീകാരം ലഭിച്ചവരെയും അവാർഡുകൾ റാങ്കുകൾ തുടങ്ങിയവ ലഭിച്ചവരെയും പൊതുയോഗത്തിൽ പ്രത്യേകമായി ആദരിക്കുന്നതാണ്. അതോടൊപ്പംതന്നെ കഴിഞ്ഞ വാർഷികത്തിനുശേഷം വിവാഹിതരായ നവദമ്പതികളെയും, നവവൈദികരെയും, നവസിസ്റ്റേർസിനെയും വിവാഹത്തിന്റെയും നിത്യവ്രതവാഗ്ദാനത്തിന്റെയും 25, 50, 60-ാം വാർഷികങ്ങൾ ആഘോഷിക്കുന്നവരെയും ആദരിക്കുന്നതാണ്. അർഹതപ്പെട്ടവർ ഫോട്ടോയും അഡ്രസ്സും 2026 ജനുവരി 15ന് മുമ്പായി ഭാരവാഹികളെ ഏൽപ്പിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

## 2025 – 2026 ലെ ഭാരവാഹികൾ

2025 മാർച്ച് 25 -ാം തീയതി ഞായറാഴ്ച ശ്രീ. ഷാജി ചെറിയാൻ കൂന്താനത്തിന്റെ വസതിയിൽ കൂടിയ ഭരണസമിതി യോഗത്തിൽ വച്ച് 2025-26 വർഷത്തെ ഭാരവാഹികളെ ഏകകണ്ഠമായി തിരഞ്ഞെടുക്കുകയുണ്ടായി.

## ഭരണസമിതി 2025 – 2026

| | | |
|---|---|---|
| രക്ഷാധികാരി | : | റവ. ഡോ. തോമസ് കാടൻകാവിൽ സി.എം.ഐ.<br>ഫോൺ : 9496159790 |
| പ്രസിഡന്റ് | : | ശ്രീ. അലക്സ് കെ. സി. കൂന്താനത്ത്<br>ഫോൺ : 9447420943 |
| വൈസ് പ്രസിഡന്റ് | : | ശ്രീ. സതീഷ് ഫ്രാൻസിസ് ഞാവള്ളിൽ<br>ഫോൺ : 9446551961 |
| സെക്രട്ടറി | : | ശ്രീ. കുര്യാക്കോസ് അലക്സാണ്ടർ, കയത്തിൻകര<br>ഫോൺ : 9526610890 |
| ജോയിന്റ് സെക്രട്ടറി | : | ശ്രീ. സിറിയക് ക്രിസ്റ്റഫർ തോമസ്, തെക്കേൽ<br>ഫോൺ : 9495020506 |
| ട്രഷറർ | : | ശ്രീ. ടോമി സെബാസ്റ്റ്യൻ, മംഗലത്തിൽ<br>ഫോൺ :8281945412 |

**ശാഖാ പ്രതിനിധികൾ**

1. **പഴയിടം**
   അഡ്വ. പി.കെ. സ്കറിയ, പഴയിടത്ത്, മുട്ടം, തൊടുപുഴ, ഫോൺ : 9446824032

2. **തെരുവൻകുന്നേൽ**
   ശ്രീ. സെബാസ്റ്റ്യൻ റ്റി.ജെ., തെരുവൻകുന്നേൽ, പൊൻകുന്നം,
   ഫോൺ : 9496821499, 9400671630

   ശ്രീ. ടോമി സെബാസ്റ്റ്യൻ, മംഗലത്തിൽ, പാലാ, ഫോൺ : 8281945412

3. **മഞ്ഞക്കുന്നേൽ**
   ശ്രീ. ജോസ്, മഞ്ഞക്കുന്നേൽ, കരൂർ, ഫോൺ : 9446539000

4. **പുത്തൻപുരയിൽ**
   ശ്രീ. ജോസുകുട്ടി പി.എം., ഞാവള്ളിൽ പുത്തൻപുരയിൽ, കരൂർ,
   ഫോൺ: 9447302303

5. **തെക്കേൽ**
   ശ്രീ. സിറിയക്ക് ക്രിസ്റ്റഫർ തോമസ്, തെക്കേൽ പാലാ,
   ഫോൺ : 9495020506

6. **പനമറ്റം**
   ശ്രീ. കെ. ജെ. ടോമി കാടൻകാവിൽ കരൂർ, ഫോൺ : 9446126883

   ശ്രീ. മനോജ് സിറിയക്ക്, കാടൻകാവിൽ, പാലാ, ഫോൺ : 9447489341

   ശ്രീ. ഷാജി ചെറിയാൻ, കൂന്താനം, അഞ്ഞൂറ്റിമംഗലം, ഫോൺ : 9447683796

7. **വിലങ്ങുപാറ**
   ശ്രീ. വി.ജെ ജോസഫ്, വിലങ്ങുപാറ, കരൂർ, ഫോൺ : 9495928707

   ശ്രീ. ജോർജ്ജ് ജോസഫ് പൊന്നെടുത്താംകുഴിയിൽ, കരൂർ,
   ഫോൺ : 9447226794

8. **പുത്തൻപുരയ്ക്കൽ**
   ശ്രീ. അലക്സ് കെ. സി. കൂന്താനത്ത് കരൂർ, ഫോൺ : 9447420943

   ശ്രീ. കുര്യാക്കോസ് അലക്സാണ്ടർ, കയത്തിൻകര, കരൂർ,
   ഫോൺ: 9526610890

   ശ്രീ. ജോസഫ് അഗസ്റ്റിൻ, പുത്തൻപുരയ്ക്കൽ, കരൂർ, ഫോൺ: 9446921990

9. **തറവാട്**
   ശ്രീ. അലക്സ് കുര്യൻ, ഞാവള്ളിൽ ചേനക്കാലായിൽ, കരൂർ,
   ഫോൺ : 9446203761

ശ്രീ. അഗസ്റ്റിൻ ജോസഫ്, ആണ്ടുക്കുന്നേൽ, പയപ്പാർ, ഫോൺ: 9446197525

ഡോ. ചാക്കോച്ചൻ ജെ. ഞാവള്ളിൽ ചൂരനാട്ട്, കാഞ്ഞിരപ്പള്ളി, ഫോൺ : 9447572513

ശ്രീ. സതീഷ് ഫ്രാൻസിസ് ഞാവള്ളിൽ, ഏഴാച്ചേരി, ഫോൺ : 9446551961

10. **വനിതാ പ്രതിനിധികൾ**
    ഡോ. ഡാലി ചാക്കോച്ചൻ ഞാവള്ളിൽ ചൂരനാട്ട്, കാഞ്ഞിരപ്പള്ളി, ഫോൺ: 9447572766

    ഡോ. അനു പയസ് ഞാവള്ളിൽ പുത്തൻപുരയ്ക്കൽ, കരൂർ, ഫോൺ: 9037315694

11. **യുവജന പ്രതിനിധി**
    ശ്രീ. മാണി.ജെ. ഞാവള്ളിൽ, ഞാവള്ളിപുത്തൻപുരയിൽ, കരൂർ, ഫോൺ : 9496131049

12. **ഇന്റേർണൽ ഓഡിറ്റർ**
    ശ്രീ. ജോസഫ് അഗസ്റ്റിൻ പുത്തൻപുരയ്ക്കൽ, കരൂർ, ഫോൺ : 9446921990

13. **ലീഗൽ അഡ്വൈസർ**
    അഡ്വ. പി.കെ. സ്കറിയ പഴയിടത്ത്, മുട്ടം, തൊടുപുഴ, ഫോൺ : 9446854032

# യൂണിറ്റ് ഭാരവാഹികൾ

**1. കൊച്ചി യൂണിറ്റ് (എറണാകുളം തൃശൂർ ജില്ലകൾ)**

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. അലക്സ് സിറിയക് ഞാവള്ളിൽ<br>ഫോൺ : 9388604605 |
| സെക്രട്ടറി | : | ക്യാപ്റ്റൻ ജോർജ് തോമസ്, തെക്കേൽ<br>ഫോൺ : 9846332748 |
| ട്രഷറർ | : | ശ്രീ. റോയി അലക്സ് വിലങ്ങുപാറ<br>ഫോൺ : 9846034801 |

**2. കാഞ്ഞിരപ്പള്ളി യൂണിറ്റ്**

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. സ്റ്റാൻലി കുര്യൻ ഞാവള്ളിൽ ചൂരനാട്ട്<br>ഫോൺ : 9495048033 |
| വൈസ് പ്രസിഡന്റ് | : | ശ്രീ. റോയി ജേക്കബ് ഞാവള്ളിൽ ചൂരനാട്ട്<br>ഫോൺ : 9447741653 |

| | | |
|---|---|---|
| സെക്രട്ടറി | : | ശ്രീ. സ്കറിയ ലാലി ഞാവള്ളിൽ<br>ഫോൺ : 9645506232 |
| ജോയിന്റ് സെക്രട്ടറി | : | ശ്രീ. ജോഷി എബ്രാഹം ഞാവള്ളിൽ ചേനക്കാലായിൽ<br>ഫോൺ : 9946802248 |
| ട്രഷറർ | : | ശ്രീ. സെബാസ്റ്റ്യൻ റ്റി. ജെ. ഞാവള്ളിൽ തെരുവൻകുന്നേൽ, ഫോൺ : 9496821499 |
| യുവജന പ്രതിനിധി | : | ശ്രീമതി സിസിലി സ്കറിയാ ഞാവള്ളിൽ<br>ഫോൺ : 9995678583 |
| വനിതാ പ്രതിനിധികൾ | : | ഡോ. ഡാലി ചാക്കോച്ചൻ ഞാവള്ളിൽ ചൂരനാട്ട്<br>ഫോൺ : 9447572766<br>ശ്രീമതി സെലീനാമ്മ ലാലി ഞാവള്ളിൽ<br>ചേനക്കാലായിൽ, ഫോൺ : 9846978898 |

**3. കോഴിക്കോട് യൂണിറ്റ്**

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. ഹാംലെറ്റ് എബ്രഹാം കൂന്താനം<br>ഫോൺ: 9846142515 |
| വൈസ് പ്രസിഡന്റ് | : | ശ്രീ. സിറിയക് തോമസ് വിലങ്ങുപാറ<br>ഫോൺ: 9497304263 |
| സെക്രട്ടറി | : | ശ്രീ. ബിജു ജോസഫ് പനമറ്റത്തിൽ<br>ഫോൺ: 9495611843 |
| ജോയിന്റ് സെക്രട്ടറി | : | ശ്രീ. ഷാജു തോമസ് വിലങ്ങുപാറ<br>ഫോൺ: 9497304263 |
| ട്രഷറർ | : | ശ്രീ. സിബി ജോസഫ് മഞ്ഞക്കുന്നേൽ<br>ഫോൺ: 9497216123 |

**4. കണ്ണൂർ യൂണിറ്റ്**

| | | |
|---|---|---|
| രക്ഷാധികാരി | : | റവ. ഫാ. തോമസ് തെരുവൻകുന്നേൽ |
| പ്രസിഡന്റ് | : | ശ്രീ. കെ ടി ദേവസ്യ കൂന്താനത്ത്<br>ഫോൺ: 9447361605 |
| വൈസ് പ്രസിഡന്റ് | : | ശ്രീ. റ്റി. വി. കുര്യാച്ചൻ തെരുവൻകുന്നേൽ<br>ഫോൺ: 9495619509 |

| | | |
|---|---|---|
| സെക്രട്ടറി | : | ശ്രീ. ടോമി ജോസഫ്, ചാഞ്ഞപ്ലാക്കൽ<br>ഫോൺ: 9447353190 |
| ജോയിന്റ് സെക്രട്ടറി | : | ശ്രീ. രാജേഷ് പനമറ്റം, ഫോൺ: 9747211721 |
| ട്രഷറർ | : | ശ്രീ. ജോർജ് തോമസ് ഞാവള്ളിൽ<br>ഫോൺ: 9447481860 |
| കമ്മറ്റി മെമ്പേർസ് | : | ശ്രീ. ജോസ് ജോസഫ്, കയത്തിൻകര,<br>ഫോൺ : 9447682839 |
| | | ശ്രീ. കുഞ്ഞുമോൻ പനമറ്റത്തിൽ,<br>ഫോൺ : 9496303807 |
| | | ശ്രീ. ജോജി തെരുവൻകുന്നേൽ,<br>ഫോൺ : 8281844538 |
| | | ശ്രീ. വിൻസെന്റ് ഞാവള്ളിൽ,<br>ഫോൺ : 9447359877 |
| | | ശ്രീ. ജോസഫ് മാത്യു നെഴുകുംകാട്ടിൽ<br>ഫോൺ: 9744032417 |
| | | ശ്രീ. അപ്പച്ചൻ മംഗലത്തിൽ,<br>ഫോൺ : 9447081466 |
| വനിതാ പ്രതിനിധികൾ | : | ശ്രീമതി ജാനി തോമസ് കയത്തിൻകര<br>ഫോൺ : 9072877441<br>ശ്രീമതി മേരി തോമസ് കൊട്ടാരത്തുംമ്യാലിൽ,<br>ഫോൺ : 9447797430 |

**പേരാവൂർ സബ് യൂണിറ്റ്**

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. ടോമി ജോസഫ് കയത്തിൻകര,<br>ഫോൺ: 9446672636 |
| സെക്രട്ടറി | : | ശ്രീ. ലൂക്കോസ് മംഗലത്തിൽ,<br>ഫോൺ: 9645183585 |
| ട്രഷറർ | : | ശ്രീ. സണ്ണി മംഗലത്തിൽ,<br>ഫോൺ: 9497844787 |
| ജോയിന്റ് സെക്രട്ടറി | : | അഡ്വ. കെ എഫ് ജോസഫ് കയത്തിൻകര,<br>ഫോൺ: 9447648507 |

**പാലാവയൽ സബ് യൂണിറ്റ്**

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. ഔസേപ്പച്ചൻ ഞെഴുകുംകാട്ടിൽ, ഫോൺ: 9744032417 |
| സെക്രട്ടറി | : | ശ്രീ. ജോജി തെരുവൻകുന്നേൽ, ഫോൺ: 8281844538 |
| ട്രഷറർ | : | ശ്രീ. ജോൺസൺ പനമറ്റത്തിൽ, ഫോൺ: 9497649106 |

**ചെമ്പേരി സബ് യൂണിറ്റ്**

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. വിൻസെന്റ് ഞാവള്ളിൽ, ഫോൺ: 9447359877 |
| സെക്രട്ടറി | : | ശ്രീ. തോമസ് തെരുവൻകുന്നേൽ, ഫോൺ: 9745834149 |
| ട്രഷറർ | : | ശ്രീ. മാത്യു ഞാവള്ളിൽ, ഫോൺ: 9446215205 |

**5. ഇടുക്കി യൂണിറ്റ്**

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. ബേബി ജോസഫ് പഴയിടം, ഫോൺ: 9495508344 |
| സെക്രട്ടറി | : | ശ്രീ. ടോം തോമസ് കയത്തിൻകര, ഫോൺ: 9447979712 |
| ട്രഷറർ | : | ശ്രീ. ജോബി ജോസഫ് പഴയിടം, ഫോൺ: 9446132972 |

**6. ബാംഗ്ലൂർ യൂണിറ്റ്**

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി ലീന ബെന്നി ഞാവള്ളിൽ, ഫോൺ: 9496992556 |
| സെക്രട്ടറി | : | ശ്രീമതി എൽസ ജോസ്, ഫോൺ: 9900177722 |
| ട്രഷറർ | : | ശ്രീ. റോജി അഗസ്റ്റ്യൻ, ഫോൺ: 9740833998 |
| യൂത്ത് കോർഡിനേറ്റർ | : | ശ്രീമതി റോസി സ്റ്റാൻലി, ഫോൺ: 8848061773 |

**7. യു.കെ (ഇംഗ്ലണ്ട്) യൂണിറ്റ്**

| | | |
|---|---|---|
| ഉപദേഷ്ടാവ് | : | ഡോ. ജോൺ എബ്രഹാം കോട്ടവാതുക്കൽ, ഫോൺ: +447974688869 |

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. സതീഷ് സ്കറിയ ഞാവള്ളിൽ,<br>ഫോൺ: +447999108461 |
| വൈസ് പ്രസിഡന്റ് | : | ശ്രീമതി ശർമിള ബിജു ഫോൺ: +447824077982 |
| സെക്രട്ടറി | : | ശ്രീ. അബിൻ കൊട്ടാരം, ഫോൺ: +447780317868 |
| ജോയിന്റ് സെക്രട്ടറി | : | ശ്രീ. അവിരാച്ചൻ കൂന്താനം ഫോൺ: +447586236987 |
| ട്രഷറർ | : | ശ്രീ. ബെന്നി ചാക്കോ തെരുവൻകുന്നേൽ,<br>ഫോൺ: +447398717843 |

പ്രോഗ്രാം കോ- ഓഡിനേറ്റേഴ്സ്

: ശ്രീമതി മെറിൻ ജോമി ഫോൺ: 07826 419349

: ശ്രീ. അലക്സ് ജോസഫ് ഫോൺ: +44 7482 220160

: ശ്രീ. സനീഷ് സ്കറിയ ഫോൺ: 07776 643756

: ശ്രീ. വർക്കി കൂന്താനം ഫോൺ: +44 7425 216493

: ശ്രീ. ജേക്കബ് പൗവ്വത്തിൽ ഫോൺ: 07787 782669

ആക്റ്റിവിറ്റി കോ-ഓഡിനേറ്റേഴ്സ്:

: ശ്രീമതി ജിനി ജോബ് ഫോൺ: 07530 161574

: ശ്രീമതി കൊച്ചുറാണി ജോസഫ്
ഫോൺ: +44 7570 187027

സ്പിരിച്വൽ കോ-ഓഡിനേഷൻ

: ശ്രീ. നോയൽ ജോർജ് ഫോൺ: 07830 044268

: ശ്രീ. ബോണി മാത്യു ഫോൺ: +44 7975 657931

: ശ്രീ. ജോയൽ ബിജു ഫോൺ: +44 7776 598920

**"മറ്റുള്ളവർ നിങ്ങൾക്കു ചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ. ഇതാണു നിയമവും പ്രവാചകൻമാരും." (മത്തായി 7 : 12)**

## ഭരണസമിതിയിലേക്ക് ഈ വർഷം തിരഞ്ഞെടുപ്പ് നടത്തേണ്ട ഒഴിവുകളും വിരമിക്കുന്നവരും

**പുത്തൻപുരയിൽ ശാഖ**

ശ്രീ. ജോസുകുട്ടി പി.എം., ഞാവള്ളിൽ പുത്തൻപുരയിൽ

**തെക്കേൽ ശാഖ**

ശ്രീ. സിറിയക്ക് ക്രിസ്റ്റഫർ തോമസ്, തെക്കേൽ

**പുത്തൻപുരയ്ക്കൽ ശാഖ**

ശ്രീ. കുര്യാക്കോസ് അലക്സാണ്ടർ, കയത്തിൻകര

**തറവാട് ശാഖ**

ശ്രീ. അലക്സ് കുര്യൻ, ഞാവള്ളിൽ ചേനക്കാലായിൽ

ശ്രീ. അഗസ്റ്റിൻ ജോസഫ്, ആണ്ടുക്കുന്നേൽ

ഡോ. ചാക്കോച്ചൻ ജെ ഞാവള്ളിൽ ചൂരനാട്ട്

ശ്രീ. സതീഷ് ഫ്രാൻസിസ് ഞാവള്ളിൽ

**"ഭൂമിയിൽ നിക്ഷേപം കരുതിവയ്ക്കരുത് തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും; കള്ളൻമാർ തുരന്നു മോഷ്ടിക്കും."**

**(മത്തായി 6 : 19)**

**"നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും."**

**(മത്തായി 6 : 33)**

**വെൽഫെയർ ഫണ്ട്**

നമ്മുടെ കുടുംബാംഗങ്ങളിൽ സാമ്പത്തിക പ്രയാസം നേരിടുന്ന വ്യക്തികളെ സഹായിക്കാനായിട്ടാണ് കുടുംബയോഗത്തിന്റെ വെൽഫയർ ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. സന്മനസ്സുള്ള കുടുംബാംഗങ്ങൾ നൽകിയ സംഭാവനകൾ കൊണ്ടാണ് ഇതിനുള്ള നിധി രൂപീകരിച്ചത്. 375000 രൂപയാണ് വെൽഫയർ നിധിയിൽ ഉള്ളത്. ഈ തുക ബാങ്കിൽ ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നു. ഇതിൽ നിന്ന് ലഭിക്കുന്ന പലിശയും, ആവശ്യ നേരങ്ങളിൽ സന്മനസ്സുള്ള കുടുംബാംഗങ്ങൾ നൽകുന്ന സംഭാവനയും ആണ് വെൽ ഫയർ ഫണ്ടിന്റെ പ്രവർത്തന മൂലധനം.

2025 മാർച്ച് മാസം നമ്മുടെ കുടുംബാംഗമായ ഒരു വിധവ അവരുടെ മകന്റെ ചികിത്സക്കായി ധനസഹായത്തിന് അപേക്ഷിച്ചിരുന്നു. കുടുംബയോഗക്കമ്മിറ്റി അത് അംഗീകരിക്കുകയും, കുടുംബസഹായനിധിയുടെ പലിശയായ 25000 രൂപയ്ക്ക് പുറമേ കുടുംബയോഗത്തിന്റെ വാട്സാപ്പ് ഗ്രൂപ്പ് വഴി സഹായം അഭ്യർത്ഥിച്ചപ്പോൾ ഉദാരമതികളായ കുടുംബാംഗങ്ങൾ നല്കിയ 25000 രൂപയും ചേർത്ത് 50000 രൂപ നൽകുകയുണ്ടായി.

നമ്മുടെ കുടുംബാംഗങ്ങളിൽ സാമ്പത്തിക ബുദ്ധിമുട്ടു അനുഭവിക്കുന്ന അംഗങ്ങളെ സഹായിക്കുക എന്ന നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് കുടുംബയോഗത്തിന്റെ വെൽഫെയർ നിധി രൂപീകരിച്ചിട്ടുള്ളത്. വെൽഫെയർ ഫണ്ടിന്റെ ബാങ്ക് നിക്ഷേപത്തിൽനിന്നു ലഭിക്കുന്ന പലിശയാണ് സഹായം നല്കാൻ ഉപയോഗിക്കുന്നത്. ബാങ്ക് പലിശ വളരെ കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ പലിശ ഇനത്തിലുള്ള വരുമാനം ആവശ്യപ്പെടുന്നവർക്ക് സഹായം നല്കാൻ തികയാറില്ല. ആ അവസരത്തിൽ സഹായം ആവശ്യപ്പെട്ടു കൊണ്ട് കുടുംബയോഗത്തിന്റെ വാട്സാപ്പ് ഗ്രൂപ്പ് വഴി സന്ദേശമയയ്ക്കാറാണ് പതിവ്. എന്നാൽ വളരെക്കുറച്ചു തുക മാത്രമേ പിരിഞ്ഞുകിട്ടാറുള്ളു. അതിനാൽ പലപ്പോഴും സഹായം അഭ്യർത്ഥിച്ച വ്യക്തി അർഹിക്കുന്ന രീതിയിൽ സഹായം നല്കാൻ നമുക്ക് സാധിക്കാറില്ല.

നമ്മളിൽ പലരും ദശാംശം ആയിട്ടും മറ്റും വിവിധ കാരുണ്യപ്രവർത്തികൾക്കു സഹായം നൽകുന്നവരാണ്. അങ്ങനെ നൽകുന്ന തുകയിൽ ഒരംശം നമ്മുടെ വെൽഫെയർ നിധിയിലേക്കും സംഭാവനയായി നൽകുകയാണെങ്കിൽ, സഹായം ആവശ്യപ്പെടുന്ന നമ്മുടെ സഹോദരങ്ങളെ അർഹിക്കുന്ന രീതിയിൽ സഹായിക്കാൻ കുടുംബയോഗത്തിനു കഴിയും. നമ്മുടെ മക്കളിൽ പലരും സ്വദേശത്തും വിദേശത്തുമായി വിവിധ ജോലികൾ ഉള്ളവരാണ്. അവരുടെ വരുമാനത്തിൽ നിന്ന് ഒരു ചെറിയ തുക കുടുംബയോഗത്തിന്റെ വെൽഫെയർ ഫണ്ടിലേക്ക് സംഭാവനയായി നൽകുകയാണെങ്കിൽ സഹായം ആഗ്രഹിക്കുന്ന കുടുംബാംഗങ്ങൾക്കു അർഹിക്കുന്ന രീതിയിൽ സഹായിക്കാൻ സാധിക്കും. മാതാപിതാക്കൾ തങ്ങളുടെ ജോലിയുള്ള മക്കളെ ഇതിനായിട്ടു പ്രേരിപ്പിക്കുകയും വേണം.

### ന്യൂസ് ലെറ്റർ/കലണ്ടർ

എതാനും വർഷങ്ങളായി മൾട്ടി കളറിൽ മികച്ച രീതിയിൽ ന്യൂസ് ലെറ്ററുകൾ എല്ലാ കുടുംബാംഗങ്ങൾക്കും അയക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം 2025 ലെ കലണ്ടറും ന്യൂസ് ലെറ്ററിനോടൊപ്പം എല്ലാ കുടുംബാംഗങ്ങൾക്കും അയച്ചുകൊടുക്കുകയുണ്ടായി. അതിലേക്ക് പരസ്യങ്ങൾ തന്ന് സഹായിച്ചവർക്ക് പ്രത്യേകം നന്ദി പറയുന്നു. ഈ വർഷവും, ഈ ന്യൂസ് ലെറ്ററും, കലണ്ടറും എല്ലാ കുടുംബങ്ങൾക്കും അയക്കുവാൻ സാധിച്ചിട്ടുണ്ട്. ന്യൂസ് ലെറ്ററും കലണ്ടറും കുറ്റമറ്റരീതിയിൽ തയ്യാറാക്കാൻ സഹായിച്ച എക്സിക്യൂട്ടീവ് കമ്മിറ്റിക്കും അത് യഥാസമയം കുടുംബാംഗങ്ങൾക്ക് അയച്ചുകൊടുക്കാൻ സഹായിച്ച കമ്മിറ്റി അംഗങ്ങൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

### വെബ്സൈറ്റ്

ഞാവള്ളിൽ കുടുംബയോഗത്തിന്റേതായിട്ടുള്ള njavallil.com എന്ന വെബ്സൈറ്റിൽ കുടുംബ ചരിത്രം ഉൾപ്പെടെ കുടുംബയോഗത്തിന്റെ എല്ലാ വിവരങ്ങളും ലഭ്യമാണ്. ഇത് കാലാനുസ്രതമായി പുതുക്കി കൊണ്ടിരിക്കുന്നു. എല്ലാ കുടുംബാംഗങ്ങളും വെബ്സൈറ്റിന്റെ സൗകര്യം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

### ആയുഷ്ക്കാല അംഗത്വം

കുടുംബയോഗത്തിന്റെ തുടക്കം മുതൽ ഏർപ്പെടുത്തിയ ആയിരം രൂപ മാത്രമാണ് ഇപ്പോഴും ആയുഷ്കാല മെമ്പർഷിപ്പ് ഫീസ് ആയിട്ടുള്ളത്. കുടുംബയോഗ പ്രവർത്തനങ്ങൾക്ക് ലഭ്യമായിട്ടുള്ള ഏക വരുമാനം ഈ തുകയുടെ പലിശ മാത്രമാണ്. ട്രസ്റ്റ് ആകുന്നതിനുമുമ്പ് കുടുംബനാഥന് മാത്രമായിരുന്നു മെമ്പർഷിപ്പ് കൊടുത്തിരുന്നെങ്കിൽ, ട്രസ്റ്റ് ആയതോടുകൂടി പ്രായപൂർത്തിയായ ഏതൊരു കുടുംബാംഗത്തിനും സ്ത്രീപുരുഷഭേദമന്യേ മെമ്പർഷിപ്പ് എടുക്കുവാൻ സാധിക്കും. ഇപ്പോൾ 355 ആയുഷ്ക്കാലാംഗങ്ങൾ മാത്രമാണ് നമുക്ക് ഉള്ളത്. അതിനാൽ പരമാവധി കുടുംബാംഗങ്ങൾ ആയുഷ്കാല മെമ്പർഷിപ്പ് എടുക്കണം എന്ന് താല്പര്യപ്പെടുന്നു.

### കമ്മറ്റി മീറ്റിങ്ങുകൾ

കഴിഞ്ഞ പ്രവർത്തനവർഷം 7 കമ്മിറ്റി മീറ്റിംഗുകളും, ഒരു എക്സിക്യൂട്ടിവ് കമ്മിറ്റിയുമാണ് കൂടിയത്. ശ്രീ. കെ.ജെ. ടോമി കാടൻകാവിൽ, ശ്രീ. ജോസുകുട്ടി പി. എം. ഞാവള്ളിൽപുത്തൻപുരയിൽ, ശ്രീ. ജോർജ്ജ് ജോസഫ് പൊന്നെടുത്താംകുഴി, ശ്രീ. കുര്യാക്കോസ് അലക്സാണ്ടർ കയത്തിൻകര, ശ്രീ. അലക്സ് കുര്യൻ ഞാവള്ളിൽ, ശ്രീ. അഗസ്റ്റ്യൻ ജോസഫ് ആണ്ടുക്കുന്നേൽ, ശ്രീ. ഷാജി ചെറിയാൻ കൂന്താനം എന്നിവരാണ് ഈ മീറ്റിംഗുകൾക്ക് ആതിഥ്യം വഹിച്ചത്. കമ്മിറ്റി മീറ്റിംഗുകൾക്കു ആതിഥ്യം വഹിച്ച കമ്മിറ്റി അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

**നന്ദിയുടെ ഒരു വാക്ക്**

കഴിഞ്ഞ മൂന്നുവർഷക്കാലം പഴയിടം ശാഖയുടെ പ്രതിനിധിയായി പ്രവർത്തിച്ച ശ്രീ ജോസി ചെറിയാൻ പഴയിടത്തിനും, വനിതാപ്രതിനിധിയായി പ്രവർത്തിച്ച മിലി ജി ഞാവള്ളിക്കും, 2021 മുതൽ വനിതാപ്രതിനിധിയായും, 2022 മുതൽ ലീഗൽ അഡ്വൈസറായും സേവനം അനുഷ്ഠിച്ച അഡ്വ. മേരി പോൾ ഞാവള്ളിക്കും അവർ കുടുംബയോഗത്തിനു നൽകിയ നിസ്വാർത്ഥമായ സേവനങ്ങൾക്കും നന്ദി അർപ്പിക്കുന്നു. കുടുംബയോഗത്തിന്റെ പ്രവർത്തങ്ങൾക്ക് സഹായസഹകരണങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന കമ്മറ്റി അംഗങ്ങൾ, വിവിധ യൂണിറ്റ് ഭാരവാഹികൾ എന്നിവർക്കും സർവോപരി ഓരോ കുടുംബാംഗങ്ങൾക്കും ഭരണസമിതിയുടെ പേരിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## 25.01.2025 ന് തൊടുപുഴ മർച്ചന്റ്സ് ട്രസ്റ്റ് ഹാളിൽ വച്ച് നടന്ന വാർഷിക പൊതുയോഗത്തിന്റെ റിപ്പോർട്ട്

ഞാവള്ളിൽ കുടുംബയോഗം ചാരിറ്റബിൾ ട്രസ്റ്റിന്റെ 28-ാം വാർഷിക പൊതുയോഗം 2025 ജനുവരി മാസം 25-ാം തീയതി തൊടുപുഴ മർച്ചന്റ്സ് ട്രസ്റ്റ് ഹാളിൽ വച്ച് നടത്തപ്പെട്ടു.

സമ്മേളനത്തിന് മുന്നോടിയായി റവ. ഫാ. ഫിലിപ്പ് ഐക്കര, റവ. ഫാ. മാത്യു തെരുവൻകുന്നേൽ എന്നിവരുടെ കാർമ്മികത്വത്തിൽ തൊടുപുഴ തേനംകുന്ന് സെന്റ് മൈക്കിൾസ് ദേവാലയത്തിൽ ദിവ്യബലി അർപ്പിക്കുകയും മരിച്ചവർക്ക് വേണ്ടി ഒപ്പീസ് നടത്തുകയും ചെയ്തു.

സമ്മേളത്തിന്റെ മുഖ്യപ്രഭാഷകനായി നിശ്ചയിച്ചിരുന്ന ബഹുമാനപ്പെട്ട ജനസേചനവകുപ്പു മന്ത്രി ശ്രീ. റോഷി അഗസ്റ്റ്യൻ ദിവ്യബലിക്ക് മുൻപേ ദേവാലയത്തിൽ എത്തിച്ചേരുകയും അവിടെ സന്നിഹിതരായിരുന്ന കുടുംബാംഗങ്ങളെ കാണുകയും ആശംസകൾ നേരുകയും ചെയ്തു. ഔദ്യോഗികമായ തിരക്കുകൾ നിമിത്തം സമ്മേളനത്തിൽ പങ്കെടുക്കാൻ സാധിക്കുകയില്ല എന്നറിയിക്കുകയും ചെയ്തു.

ദിവ്യബലിക്കുശേഷം അംഗങ്ങൾ യോഗവേദിയിലേക്കു എത്തിച്ചേരുകയും പ്രഭാതഭക്ഷണം കഴിക്കുകയും ചെയ്തു.

തുടർന്ന് സമ്മേളനവേദിയിൽ എത്തിച്ചേർന്ന അംഗങ്ങളെയും, അതിഥികളെയും, കുടുംബയോഗം പ്രസിഡന്റ് ശ്രീ. അലക്സ് കെ. സി. കൂന്താനത്ത്, ഇടുക്കി യൂണിറ്റ് പ്രസിഡൻറ് ശ്രീ. ബേബി ജോസഫ് പഴയിടത്ത്, ശ്രീ. റോബി സിറിയക്ക് പഴയിടത്ത് എന്നിവരുടെ നേതൃത്വത്തിൽ ഭാരവാഹികളും കമ്മറ്റി അംഗങ്ങളും ചേർന്ന് സ്വീകരിച്ചാനയിച്ചു. ശ്രീ. സിറിയക്ക് ക്രിസ്റ്റഫർ തോമസ് തെക്കേൽ, ശ്രീ. ഷാജി ചെറിയാൻ കൂന്താനം, ശ്രീ. സതീഷ് ഫ്രാൻസീസ് ഞാവള്ളിൽ, ശ്രീ. മനോജ് സിറിയക്

കാടൻകാവിൽ എന്നിവരുടെ നേതൃത്വത്തിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച്, കുടുംബാംഗങ്ങളെ സമ്മേളനവേദിയിലേക്കു സ്വീകരിച്ചു.

പ്രസിഡന്റ് ശ്രീ. അലക്സ് കെ. സി. കൂന്താനത്ത് അധ്യക്ഷത വഹിച്ച പൊതുയോഗം പത്തു മണിയോടെ ആരംഭിച്ചു. തുടർന്ന് കുമാരി എൽസ ജെ. കാടൻകാവിൽ ആലപിച്ച പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച യോഗത്തിൽ, ശ്രീ. അഗസ്റ്റ്യൻ ജോസഫ് ആണ്ടുക്കുന്നേൽ കുടുംബയോഗ പ്രാർത്ഥന ചൊല്ലുകയും ചെയ്തു. അതിനുശേഷം ചടങ്ങിൽ സംബന്ധിക്കുന്ന വിശിഷ്ടാതിഥികൾക്കും, മറ്റു കുടുംബാംഗങ്ങൾക്കും ഇടുക്കി യൂണിറ്റിന്റെ പ്രസിഡന്റ് ശ്രീ. ബേബി ജോസഫ് പഴയിടത്ത് സ്വാഗതം ആശംസിച്ചു സംസാരിച്ചു.

തുടർന്ന് സെക്രട്ടറി ശ്രീ. കുര്യാക്കോസ് അലക്സാണ്ടർ കയത്തിൻകര കഴിഞ്ഞ വാർഷിക പൊതുയോഗത്തിനു ശേഷം നമ്മുടെ കുടുംബത്തിൽനിന്ന് വേർപിരിഞ്ഞു പോയ പ്രിയപ്പെട്ടവരുടെ പേരുകൾ വായിക്കുകയും അവരെ അനുസ്മരിക്കുകയും, അവരുടെ ആത്മശാന്തിക്കായി കുടുംബാംഗങ്ങൾ ഒരു നിമിഷം മൗന പ്രാർത്ഥന നടത്തുകയും ചെയ്തു.

കഴിഞ്ഞ പൊതുയോഗത്തിനു ശേഷം 32 പേരാണ് നമ്മുടെ കുടുംബങ്ങളിൽ നിന്നും മൺമറഞ്ഞത്

1. സെബാസ്റ്റ്യൻ (കുഞ്ഞേട്ടൻ) തെരുവൻകുന്നേൽ നെല്ലിക്കുറ്റി
2. ത്രേസ്സ്യാമ്മ ദേവസ്യ ഞാവള്ളിൽ മംഗലത്തിൽ പാലാ
3. ജേക്കബ് ജോസഫ് (ചാക്കോച്ചൻ), ഞാവള്ളിൽ തൂണുങ്കൽ കരൂർ
4. തങ്കച്ചൻ ജെ. തെരുവൻകുന്നേൽ കുറവിലങ്ങാട്
5. മറിയാമ്മ പുന്നക്കൽ മംഗലത്തിൽ തിരുവമ്പാടി
6. ഞാവള്ളിൽ കയത്തിൻകര കൊച്ചുറാണിയുടെ ഭർത്താവ് അഡ്വ ചെറിയാൻ മാത്യു മാളിയേക്കൽ എട്ടുകെട്ടിൽ ചങ്ങനാശ്ശേരി
7. സ്കറിയ ജോസ് ഞാവള്ളിൽ കൈലാസപ്പാറ
8. പൊന്നെടുത്താംകുഴിയിൽ ഏലിയാമ്മയുടെ ഭർത്താവ് കുഞ്ഞാഗസ്തി പാറത്തട്ടേൽ മേരിപുരം കാസർകോട്
9. പി. സി. ചാക്കോ (അപ്പച്ചൻ) പനമറ്റത്തിൽ തയ്യേനി പാലാവയൽ
10. ജോർജ് (വക്കച്ചൻ) നെഴുകുംകാട്ടിൽ മാലംകടവ് പാലാവയൽ
11. കരൂർ ഞാവള്ളിൽ വിലങ്ങുപാറ കുടുംബാംഗം അച്ചാമ്മ പോൾ പുത്തൻപുരയ്ക്കൽ വലിയതോവാള
12. എബ്രഹാം ഞാവള്ളിൽ പുത്തൻപുരയിൽ അഭയഗിരി വിലങ്ങാട്

13. മേരി ഞാവള്ളിൽ ചെമ്പേരി
14. ജേക്കബ് ജോർജ് കരിങ്ങോഴക്കൽ (ഞാവള്ളിൽ) ഏഴാച്ചേരി
15. ബാബു ജോസഫ്, ഞാവള്ളിൽ ആണ്ടുക്കുന്നേൽ(ചൂരനാട്ട്) കരൂർ
16. മാത്യു തെരുവൻകുന്നേൽ മഞ്ഞക്കാട് ചെറുപുഴ
17. അന്നമ്മ തെരുവൻകുന്നേൽ ചെറിയരീക്കമല
18. കാപ്പാട് ഞാവള്ളിൽ ചൂരനാട്ട് കുടുംബാംഗം ഏലിയാമ്മ പൌവ്വത്ത് എലിക്കുളം
19. വത്സമ്മ അഗസ്റ്റിൻ ഞാവള്ളിൽ ആണ്ടുക്കുന്നേൽ കരൂർ
20. എറിക് ജോ ജിബിൻ (ഉണ്ണിക്കുട്ടൻ) പുത്തൻപുരയ്ക്കൽ രാജഗിരി
21. ടി. ടി. തോമസ് തെരുവൻകുന്നേൽ ആനിക്കാട് മൂവാറ്റുപുഴ
22. ജോണി മംഗലത്തിൽ കേളകം കണ്ണൂർ
23. ജോസ് പനമറ്റത്തിൽ കോവൂർ കോഴിക്കോട്
24. ത്രേസ്സ്യാമ്മ വർഗീസ്, ചാഞ്ഞപ്ലാക്കൽ കരൂർ
25. മാത്യു മംഗലത്തിൽ കൂടരഞ്ഞി
26. ജെസ്സി സെബാസ്റ്റ്യൻ ഞാവള്ളിൽ തെരുവൻകുന്നേൽ ഇടപ്പാടി
27. പനമറ്റത്തിൽ കുടുംബാംഗമായ റോസാ ജോസഫ് പടിഞ്ഞാത്ത് പാലാവയൽ
28. കരൂർ ഞാവള്ളിൽ കണ്ണങ്കുളം മേരിക്കുട്ടിയുടെ ഭർത്താവു ടി.യു. എബ്രഹാം, തോലാനിക്കൽ മുടപ്പല്ലൂർ വടക്കഞ്ചേരി
29. പി. കെ. ജോസഫ്(അപ്പച്ചൻ) ഞാവള്ളിൽ പുത്തൻപുരയിൽ കരൂർ
30. തോമസ് ഞാവള്ളിൽ കയത്തിൻകര ആര്യപ്പറമ്പ് കണ്ണൂർ
31. ത്രേസ്യാമ്മ, പനമറ്റത്തിൽ പരപ്പ ആലക്കോട്
32. ത്രേസ്യാമ്മ സെബാസ്റ്റ്യൻ തെരുവൻകുന്നേൽ ഇഞ്ചിയാനി

തുടർന്ന് സെക്രട്ടറി കുര്യാക്കോസ് അലക്സാണ്ടർ കയത്തിൻകര വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും, യോഗം അംഗീകരിക്കുകയും ചെയ്തു.

അടുത്ത് ഉദ്ഘാടനപ്രസംഗം ആയിരുന്നു. ഉദ്ഘാടകനായ ബഹു. തൊടുപുഴ MLA ശ്രീ. പി. ജെ. ജോസഫ്, കുടുംബയോഗം നടപ്പാക്കിക്കൊണ്ടിരിക്കുന്ന വെൽ ഫെയർ പ്രവർത്തനങ്ങളെ പ്രശംസിക്കുകയും, അതിനായി പ്രത്യേക നിധി തന്നെ യുണ്ട് എന്നത് വളരെ നല്ല കാര്യമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ലോക ത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന കുടുംബാംഗങ്ങളെ കൂട്ടിയിണക്കുന്ന ഒരു കണ്ണിയായ ഈ കുടുംബയോഗം, ഒന്നിച്ചുകൂടുമ്പോൾ സൗഹൃദം പങ്കിടാനും

ബന്ധങ്ങൾ പുതുക്കുവാനും സാധിക്കുന്നു. റിപ്പോർട്ടിൽ സൂചിപ്പിച്ചതുപോലെ കൂടുതൽ നന്മ ചെയ്തുകൊണ്ട്, കൂടുതൽ നല്ല കാര്യങ്ങൾ ചെയ്യാൻ കുടുംബയോഗത്തിനും അതിന്റെ അംഗങ്ങൾക്കും സാധിക്കട്ടെ എന്നാശംസിച്ചു കൊണ്ടു അദ്ദേഹം സമ്മേളനം ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിക്കുകയും, ദീപം കൊളുത്തി ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

ഉദ്ഘാടനത്തെതുടർന്ന് യാത്രയായ MLA യെ പ്രസിഡന്റ് കുടുംബയോഗത്തിന്റെ ഉപഹാരം നൽകി യാത്രയാക്കുകയും ചെയ്തു.

ഉദ്ഘാടന ചടങ്ങിനു ശേഷം, ട്രഷറർ ശ്രീ. ടോമി സെബാസ്റ്റ്യൻ മംഗലത്തിൽ കുടുംബയോഗത്തിന്റെ 2023- 24 വർഷത്തെ ഓഡിറ്റഡ് വരവ് ചെലവ് കണക്കുകൾ അവതരിപ്പിക്കുകയും യോഗം അവ അംഗീകരിക്കുകയും ചെയ്തു,

ഇതേതുടർന്ന് നടന്നത് കുമാരി എൽസ ജെ. കാടൻകാവിൽ അവതരിപ്പിച്ച മനോഹരമായ ഒരു ഡാൻസ് ആയിരുന്നു.

തുടർന്ന് നടത്തിയത് പ്രസിഡന്റ് ശ്രീ. അലക്സ് കെ. സി. കൂന്താനത്തിന്റെ അധ്യക്ഷപ്രസംഗം ആയിരുന്നു. പ്രസിഡന്റ് തന്റെ അധ്യക്ഷപ്രസംഗത്തിൽ, തൊടുപുഴയിൽ നടത്തുന്ന ഈ സമ്മേളനത്തിൽ ഉദ്ദേശിച്ചത്ര പങ്കാളിത്തം ഇല്ലെങ്കിലും, ഇത്രയധികം അംഗങ്ങൾ പങ്കെടുക്കുന്നു എന്നതിൽ സന്തോഷം ഉണ്ടെന്നറിയിച്ചു. ആയിരത്തിയിരുന്നോറോളം കുടുംബങ്ങൾ ഉള്ള കുടുംബയോഗത്തിൽ ഏതാണ്ട് ഇരുന്നൂറോളം കുടുംബങ്ങൾ വിദേശത്താണ്. കുടുംബയോഗസമ്മേളനങ്ങളിൽ ഇപ്പോൾ കാണുന്ന ഒരു പ്രവണത യുവതലമുറയുടെ പങ്കാളിത്തക്കുറവാണ്. കുടുംബത്തിലെ വളരെയധികം അംഗങ്ങൾ ജോലിസംബന്ധമായോ മറ്റു കാരണങ്ങളാലോ വിദേശങ്ങളിലും ദൂരദേശങ്ങളിലും ആണെന്നതായിരിക്കാം ഇതിനു കാരണം. ഇങ്ങനെ പോയാൽ പ്രായമായ കുറച്ചാളുകളുടെ ഒരു കൂട്ടായ്മയായി കുടുംബയോഗം മാറുകയും, പുതിയ തലമുറയ്ക്ക് ഞാവള്ളികുടുംബത്തിന്റെ പാരമ്പര്യങ്ങളെക്കുറിച്ചും, നേട്ടങ്ങളെക്കുറിച്ചും, പൂർവികരെക്കുറിച്ചും അറിവില്ലാതെ പോകുകയും ചെയ്യും. അതിനാൽ യുവതലമുറയെ കൂടുതലായി കുടുംബയോഗമീറ്റിംഗുകളിൽ പങ്കെടുപ്പിക്കാനും, കുടുംബയോഗത്തിന്റെ പ്രാധാന്യം അവരെ പറഞ്ഞുമനസ്സിലാക്കാനും, കുടുംബയോഗത്തിന്റെ പ്രവർത്തനങ്ങളിൽ അവരെ കൂടുതലായി പങ്കെടുപ്പിക്കാനും എല്ലാവരും പരിശ്രമിക്കണം. ഈയവസരത്തിൽ കുടുംബയോഗത്തിന്റെ സ്ഥാപകരെക്കുറിച്ചും, ആദ്യകാലപ്രവർത്തകരെക്കുറിച്ചും നന്ദിയോടെ സ്മരിക്കുന്നു. കേന്ദ്രകമ്മറ്റിയുടെ നേതൃത്വത്തിൽ തൊടുപുഴയിൽ വച്ച് ഈ സമ്മേളനം നടത്താൻ എല്ലാവിധ സഹകരണങ്ങളും നൽകിയ ഇടുക്കി യൂണിറ്റ് ഭാരവാഹികൾക്കും അംഗങ്ങൾക്കും, മീറ്റിംഗ് നടത്താൻ സാമ്പത്തിക സഹായം നൽകിയ എല്ലാ കുടുംബാംഗങ്ങൾക്കും, ഈ വർഷത്തെ ന്യൂസ്‌ലെറ്ററും കലണ്ടറും പ്രസിദ്ധീകരിക്കാൻ പരസ്യങ്ങൾ നൽകി സഹായിച്ചവർക്കും നന്ദി പറഞ്ഞു കൊണ്ട് അദ്ദേഹം തന്റെ അധ്യക്ഷപ്രസംഗം ചുരുക്കി.

അടുത്തതായി റവ. ഫാ. ഫിലിപ്പ് ഐക്കരയുടെ മുഖ്യപ്രഭാക്ഷണമായിരുന്നു. ദൈവത്തിന്റെ പ്രത്യേക അനുഗ്രഹം ലഭിച്ച കുടുംബമാണ് ഞാവള്ളിൽ കുടുംബം, അതിന്റെ അംഗമായിത്തീരാൻ സാധിച്ചതിൽ അഭിമാനം കൊള്ളുന്നു എന്ന് പറഞ്ഞു കൊണ്ടാണ് അച്ചൻ തന്റെ പ്രഭാക്ഷണം ആരംഭിച്ചത്. ഇന്ന് സ്വന്തവും ബന്ധവും കൂട്ടായ്മയും ഒക്കെയും സുഖഭോഗത്തിനുമുൻപിൽ ഒന്നുമല്ലാത്ത ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഈ കാലഘട്ടത്തിൽ നമ്മളാകുംവിധം നമ്മുടെ സൗഹൃദത്തേയും കൂട്ടായ്മയെയും ചേർത്തു നിറുത്തി ദൈവം ആഗ്രഹിക്കുന്നവിധം നല്ലൊരു കുടുംബമായി, നമുക്ക് തലമുറകൾ മാറിക്കിട്ടിയ വിശ്വാസം നഷ്ടപ്പെട്ടുപോകാതെ അതിനെ കത്തിജ്വലിപ്പിക്കുന്ന കുടുംബങ്ങളായിത്തീരുവാൻ നമുക്കോരോരുത്തർക്കും പ്രത്യേകമായി പരിശ്രമിക്കാം. ഈ സാഹചര്യത്തിൽ നമ്മുടെ നല്ല ബന്ധങ്ങളും സ്നേഹങ്ങളും സൗഹൃദങ്ങളും അരക്കിട്ടുറപ്പിക്കാൻ ഇത്തരത്തിലുള്ള കുടുംബയോഗങ്ങൾ എന്നും ഇടവരുത്തട്ടെ എന്നാശംസിക്കുകയാണ്. അതുപോലെതന്നെ നമ്മുടെ സമ്പത്തും സ്നേഹവും സൗഹൃദവുമൊക്കെ പങ്കുവെക്കാനും, പരസ്പരം നൽകുവാനും ഒക്കെയുള്ളതാണ്. നമ്മുടെ കുടുംബത്തിൽ സാമ്പത്തികമായി ബുദ്ധിമുട്ടു അനുഭവിക്കുന്നവർ രോഗങ്ങളാൽ കഷ്ടപ്പെടുന്നവർ പഠിക്കാൻ ബുദ്ധിമുട്ടുന്നവർ, എന്നിങ്ങനെയുള്ളവർക്കു ഒരു കൈത്താങ്ങായിത്തീരുവാൻ നമ്മുടെ കുടുംബങ്ങൾക്കും ചാരിറ്റബിൾട്രസ്റ്റിനും സാധിക്കുന്നു എന്നുള്ളത് വളരെ നല്ല കാര്യമാണ്. തുടർന്നും നല്ല രീതിയിൽ അതിന്റെ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകുവാൻ സാധിക്കട്ടെ. യുവാക്കളിലേക്കും കുട്ടികളിലേക്കും നമ്മുടെ കുടുംബത്തിന്റെയും, കൂട്ടായ്മയുടെയും നല്ല സന്ദേശങ്ങൾ എത്തിക്കുവാൻ നമ്മുടെ പ്രവർത്തനങ്ങൾ വഴി നമുക്ക് സാധിക്കണം. നമ്മുടെ കുടുംബങ്ങളിൽ ധാരാളം മക്കളുണ്ടാകട്ടെ, ധാരാളം നല്ല ദൈവവിളികളുണ്ടാകട്ടെ, അങ്ങനെ സഭയുടെ കരുത്തുള്ള ഒരു കുടുംബമായിത്തീരുവാൻ ഞാവള്ളിൽ കുടുംബത്തിന് സാധിക്കട്ടെയെന്നും ആശംസിച്ചുകൊണ്ടാണ് ബഹു. ഫിലിപ്പ് അച്ചൻ തന്റെ മുഖ്യപ്രഭാഷണം അവസാനിപ്പിച്ചത്.

പിന്നീട് നവവൈദികനായ റവ. ഫാ. മാത്യു തെരുവൻകുന്നേൽ ആശംസാപ്രസംഗം നടത്തി. സ്വയം പരിചയപ്പെടുത്തലോടുകൂടി പ്രസംഗം ആരംഭിച്ച അച്ചൻ, കൂടുതൽ സ്നേഹത്തിൽ ഒന്നുചേരുവാൻ നമുക്ക് സാധിക്കട്ടെ എന്ന് ഉദ്ബോധിപ്പിച്ചു. കൂടുതൽ കൂടുതൽ കാരുണ്യ പ്രവർത്തനങ്ങൾ, സ്നേഹത്തിന്റേതായ പ്രവർത്തനങ്ങൾ ഉണ്ടാകട്ടെ എന്ന് നേരുകയും ചെയ്തു. കുടുംബം എന്ന് പറയുന്നത് ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകവും സഭയുടെ അടിസ്ഥാനവുമാണ്. കുടുംബങ്ങൾക്ക്, കുടുംബബന്ധങ്ങൾക്കു ഉള്ള പ്രാധാന്യം, സുവിശേഷത്തിൽ യേശുവിന്റെ വംശാവലി വിവരണത്തിലൂടെ കാണിച്ചു തരുന്നു. നമ്മൾ ഒരുമിച്ചുനിൽക്കുമ്പോഴാണ് നമ്മുടെ ശക്തി വെളിവാകുക. എപ്പോഴും കൂടെയുള്ളവരെ ചേർത്തുനിറുത്തുവാൻ, കുടുംബാംഗങ്ങൾ തമ്മിലുള്ള ഊഷ്മളമായ ബന്ധം വർദ്ധിപ്പിക്കുവാൻ, ആ ബന്ധത്തിൽ നിന്നും സ്നേഹത്തിന്റേതായ, കാരുണ്യത്തിന്റേതായ പ്രവർത്തനങ്ങൾ ഉണ്ടാ

കുവാൻ, അങ്ങനെ സമൂഹത്തിനു കൈത്താങ്ങാകുവാൻ ഈശോമിശിഹായുടെ സുവിശേഷം സാക്ഷിക്കുന്നതുപോലെ സ്നേഹത്തിന്റെ പ്രവാചകനായിട്ടു ഈ ലോകത്തിൽ ജീവിക്കുവാൻ നമുക്കെല്ലാവർക്കും സാധിക്കട്ടെ എന്നാശംസിക്കുന്നു. മുൻപുള്ള പ്രാസംഗികർ സൂചിപ്പിച്ചതു പോലെ കൂടുതലും മുതിർന്ന ആളുകളാണ് കുടുംബയോഗം മീറ്റിംഗുകളിൽ പങ്കെടുക്കുന്നത്. യുവജനങ്ങളും കുട്ടികളും കൂടുതലായി ഈ യോഗങ്ങളിലേയ്ക്കു കടന്നുവരണം. പരസ്പരം പരിചയപ്പെടണം. ബന്ധങ്ങളാണ് നമ്മുടെ ജീവിതത്തിലെ ഏറ്റവും വിലപിടിപ്പുള്ള മൂല്യം. ഇനിയുള്ള യോഗങ്ങളിൽ കൂടുതൽ കൂടുതൽ യുവാക്കളുടെയും കുട്ടികളുടെയും സാന്നിധ്യമുണ്ടാക്കട്ടെ എന്നാശംസിച്ചുകൊണ്ടും, കുടുംബയോഗത്തിനു എല്ലാവിധ ഭാവുകങ്ങളും നേർന്നുകൊണ്ടും മാത്യു അച്ചൻ തന്റെ പ്രസംഗം അവസാനിപ്പിച്ചു.

അടുത്ത പരിപാടി മാസ്റ്റർ അലക്സ് ഞാവള്ളിലും, മാസ്റ്റർ മാത്യു ഞാവള്ളിലും ചേർന്ന് അവതരിപ്പിച്ച മനോഹരമായ ഒരു ഗ്രൂപ്പ് ഡാൻസ് ആയിരുന്നു.

പിന്നീട് ഈ വർഷത്തെ വിവിധ സ്കോളർഷിപ്പുകളും അവാർഡുകളും പുരസ്കാരങ്ങളും ലഭിച്ചവരുടെ പേരുകൾ പ്രഖ്യാപിക്കുകയും അവ വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ വിവിധ ജൂബിലികൾ ആഘോഷിക്കുന്നവർ, നവദമ്പതികൾ, നവവൈദികൻ, എന്നിവരെ ആദരിക്കുകയും അവർക്കു കുടുംബയോഗത്തിന്റെ വകയായി പുരസ്കാരങ്ങൾ നൽകുകയും ചെയ്തു.

## ഈ വർഷത്തെ വിവിധ സ്കോളർഷിപ്പുകളും അവാർഡുകളും പുരസ്കാരങ്ങളും അവ ലഭിച്ച വ്യക്തികളും.

1. **ഫ്രാൻസിസ് തോമസ്, കയത്തിൻകര മെമ്മോറിയൽ സ്കോളർഷിപ്പ് - Rs. 2000.00**

കുടുംബാംഗങ്ങളുടെ മക്കളിൽ ഈ വർഷം പത്താം ക്ലാസ് പരീക്ഷയിൽ (സി.ബി.എസ്.ഇ/ ഐസിഎസ്ഇ/സ്റ്റേറ്റ് സിലബസ്) ഏറ്റവും കൂടുതൽ മാർക്ക്/ഗ്രേഡ് കരസ്ഥമാക്കിയവർക്ക് ഏർപ്പെടുത്തിയ ഈ സ്കോളർഷിപ്പിന് താഴെ പറയുന്നവർ അർഹരായി.

a. അല്ലൻ സതീഷ്, S/o സതീഷ് ഫ്രാൻസീസ് ഞാവള്ളിൽ ഏഴാച്ചേരി

b. ഹെയ്ൻ ടെസ്സ ലെസ്ലി, D/o ലെസ്ലി ജോസ് പനമറ്റത്തിൽ, തോട്ടുവേലിൽ, മണിക്കടവ്.

പത്താം ക്ലാസ്സിൽ ഗ്രേഡിംഗ് സിസ്റ്റം ആയതിനാൽ ഫുൾ എ+ വാങ്ങിയ 2 കുട്ടികൾക്കായി അവാർഡ് തുക വീതിച്ചു നൽകി. കുടുംബയോഗത്തിന്റെ മെരിറ്റ് സർട്ടിഫിക്കറ്റുകളും നൽകി.

2. **കെ എഫ് ജോസഫ്, കൂന്താനം മെമ്മോറിയൽ സ്കോളർഷിപ്പ് Rs.2000.00**

കുടുംബാംഗങ്ങളുടെ മക്കളിൽ ഈ വർഷം പ്ലസ് ടു പരീക്ഷയിൽ (സിബിഎസ്ഇ, ഐഇഎസ്ഇ, സ്റ്റേറ്റ് സിലബസ്) ഏറ്റവും കൂടുതൽ മാർക്ക്/ഗ്രേഡ് കരസ്ഥമാക്കിയവർക്കായി ഏർപ്പെടുത്തിയ ഈ അവാർഡിന്

a. അനന്യ എൽസ ഷിബു, D/o ഷിബു സെബാസ്റ്റ്യൻ പനമറ്റത്തിൽ, കരൂർ

b. ഐബേൽ ഷൈൻ, S/o ഷൈൻ എബ്രാഹം, പടിഞ്ഞാറേക്കര, തൃശൂർ

c. മിഷേൽ സെബാസ്റ്റ്യൻ, S/o രാജീവ് സെബാസ്റ്റ്യൻ, പുത്തൻപുരയ്ക്കൽ, കോഴിച്ചാൽ, രാജഗിരി

എന്നിവർ അർഹരായി. പന്ത്രണ്ടാം ക്ലാസ്സിൽ ഗ്രേഡിംഗ് സിസ്റ്റം ആയതിനാൽ ഫുൾ എ+ വാങ്ങിയ കുട്ടികൾക്കായി സ്പോൺസർ നൽകിയ 2000 രൂപയും, കുടുംബയോഗത്തിന്റെ വക 1000 രൂപയും ചേർത്ത് ഓരോ കുട്ടിക്കും 1000 രൂപ വീതം സ്കോളർഷിപ്പും, മെറിറ്റ് സർട്ടിഫിക്കറ്റുകളും നൽകി.

**റവ. സി. ജെയിംസ് മേരി സി.എം.സി, ഞാവള്ളിൽ പുത്തൻപുരയിൽ മെമ്മോറിയൽ സ്കോളർഷിപ് Rs. 2000.00**

വേദപാഠത്തിന് പന്ത്രണ്ടാം ക്ലാസ്സിൽ ഒന്നാം സ്ഥാനത്തിന് ഏർപ്പെടുത്തിയ ഈ അവാർഡ്, ദിയ ബെന്നി, D/o ബെന്നി തോമസ്, പനമറ്റത്തിൽ, പൊട്ടൻപ്ലാവ്, അൻസാ സതീഷ് D/o സതീഷ് ഫ്രാൻസീസ് ഞാവള്ളി ഏഴാച്ചേരി എന്നിവർക്കായി അവാർഡ് തുക വീതിച്ചു നൽകി.

3. **കെ കെ സിറിയക്, കാടൻകാവിൽ മെമ്മോറിയൽ സ്കോളർഷിപ്പ് 2000 രൂപയും മൊമെന്റോയും**

ഈ സ്കോളർഷിപ്പിന്, വേദപാഠത്തിന് പത്താം ക്ലാസിൽ, ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ടോമൽ ജെ കാടൻകാവിൽ, S/o ജോസ് ടോം, ഞാവള്ളിൽ കാടൻകാവിൽ, കരൂർ, അർഹനായി.

4. **ചെറിയാൻ ജോസഫ്, കൂന്താനം മെമ്മോറിയൽ കാഷ് അവാർഡ് – 2000 രൂപയും മൊമെന്റോയും.**

പാഠ്യേതര വിഷയങ്ങളിൽ മികവ് തെളിയിച്ച താരത്തിനുള്ള ഈ അവാർഡ് ശ്രീമതി സൂസി മാത്യു പഴയിടത്ത്, തൊടുപുഴ കരസ്ഥമാക്കി.

5. **കുരുവിള ജോസഫ് പഴയിടം മെമ്മോറിയൽ കാഷ് അവാർഡ് ഞാവള്ളിൽ ലൈഫ് ടൈം ഹെൽത്തി ലൈഫ് സ്റ്റൈൽ എൻഡോവ്മെന്റ് രൂപ 3000.**

ശരിയായ ജീവിതശൈലിയിലൂടെ പൂർണ്ണ ആരോഗ്യവാന്മാരായി ജീവിതം നയിക്കുന്ന 70 വയസ്സിനു മേൽ പ്രായമുള്ള കുടുംബാംഗത്തിനായി ഏർപ്പെ

ടുത്തിയ ഈ അവാർഡിന് ശ്രീ. വി.എം. ഫ്രാൻസിസ്, ഞാവള്ളിൽ വിലങ്ങുപാറ, തിരുവനന്തപുരം അർഹനായി

6. **അന്ന ജോസഫ് പഴയിടം മെമ്മോറിയൽ ക്യാഷ് അവാർഡ് ഞാവള്ളിൽ ലൈഫ് സ്റ്റൈൽ റിജന്യൂവേഷൻ എൻഡോവ്മെന്റ് രൂപ 3000**

ജീവിതശൈലി രോഗങ്ങൾ വന്നുകഴിഞ്ഞ് ശരിയായ ജീവിതശൈലി ക്രമീകരണത്തിലൂടെ പൂർവ്വാധികം ആരോഗ്യം തിരിച്ചുപിടിച്ച 70 വയസ്സിന് താഴെയുള്ള കുടുംബാംഗത്തിനുള്ള ഈ അവാർഡിന് ഇത്തവണ അപേക്ഷകർ ആരും ഇല്ലാത്തതിനാൽ പ്രഖ്യാപിച്ചിട്ടില്ല.

7. **കെ. സി. സെബാസ്റ്റ്യൻ, കാടൻകാവിൽ (മുൻ എം.പി) മെമ്മോറിയൽ എൻഡോവ്മെന്റ് – 2000 രൂപ. (മികച്ച സാഹിത്യ കൃതിക്ക്)**

2023 ൽ ഞാവള്ളിൽ കുടുംബാംഗങ്ങളിൽപ്പെട്ടവർ രചിച്ച മികച്ച സാഹിത്യ കൃതിക്കുള്ള ഈ എൻഡോവ്മെന്റിന് ഇത്തവണ അപേക്ഷകർ ആരും ഇല്ലാത്തതിനാൽ പ്രഖ്യാപിച്ചിട്ടില്ല.

## നവദമ്പതികൾ

1. ആൻമി തോമസ് & ജോൺ വർഗ്ഗീസ് D/o തോമസ് പി മാണി & ലിൻസി, ഞാവള്ളി പുത്തൻപുരയിൽ, കരൂർ
2. അമലു & ജോ D/o ടോം തോമസ് & നിഷ ഞാവള്ളിൽ കാഞ്ഞിരപ്പള്ളി
3. ആഷ്‌ലി & ടിജോ D/oഅലക്സ് & ഷൈല പൊന്നെടുത്താംകുഴിയിൽ കടനാട്
4. റിയ ബെന്നി സക്കറിയാസ് & റെനീഷ് ചെറിയാൻ D/o ബെന്നി സക്കറിയാസ് & ലീന ബെന്നി ഞാവള്ളിൽ, ബാംഗ്ലൂർ
5. Dr. ശില്പ ആൻ കുര്യൻ & Major (Dr.) തോമസ് ജി പാപ്പാളി D/o മനോജ് സിറിയക് & ജെയ്സി കാടൻകാവിൽ, പാലാ.
6. താരാ ജോർജ് വലിയവീട്ടിൽ & എഡ്വിൻ ലോനപ്പൻ D/o മിനി കാടൻകാവിൽ & ജോർജ് വലിയവീട്ടിൽ, പാലാ.

## നവവൈദികൻ

റവ. ഫാ. മാത്യു തെരുവൻകുന്നേൽ

## പൗരോഹിത്യത്തിന്റെ അൻപതാം വാർഷികം

റവ. ഫാ. ഇമ്മാനുവൽ ഞാവള്ളിൽ

**വ്രതവാഗ്ദാനത്തിന്റെ അറുപതാം വാർഷികം**

റവ. സി. ജയിൻമേരി പഴയിടത്ത്

**വിവാഹത്തിന്റെ അൻപതാം വാർഷികം**

1. പി.ജെ. മാത്യു & സൂസി മാത്യു പഴയിടത്ത്, തൊടുപുഴ
2. എൽസി മാത്യു കൂന്താനത്ത് & കെ. വി. മാത്യു, കിഴക്കേക്കര കൈതോലിൽ, കാളികാവ്, നിലമ്പൂർ

**വിവാഹത്തിന്റെ ഇരുപത്തഞ്ചാം വാർഷികം**

1. ഷാജി ജോസഫ് & മിനി ഷാജി പഴയിടത്ത്
2. ജോർജ് & ജാസ്മിൻ ഞാവള്ളിൽ ചെമ്പേരി
3. ബിജു & ഷിബി പേണ്ടാനത്ത്, ചെമ്പേരി

**വിവിധ മേഖലകളിൽ അംഗീകാരം ലഭിച്ചവർ**

1. Dr. അനു പയസ് ഞാവള്ളിൽ പുത്തൻപുരയ്ക്കൽ കരൂർ - ഗണിതശാസ്ത്രത്തിൽ തഞ്ചാവൂർ പ്രിസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും Ph. D കരസ്ഥമാക്കി
2. ടെസ്സി സോമി ഞള്ളമ്പുഴ തീക്കോയി. തീക്കോയി പഞ്ചായത്തിലെ മികച്ച വനിതാ കർഷകയ്ക്കുള്ള അവാർഡ് കരസ്ഥമാക്കി

സമ്മാനദാനത്തെത്തുടർന്നു കണ്ണൂർ യൂണിറ്റ് പ്രസിഡന്റ് ശ്രീ. കെ. ടി. ദേവസ്സ്യ കൂന്താനത്ത്, കാഞ്ഞിരപ്പള്ളി യൂണിറ്റ് പ്രസിഡന്റ് ശ്രീ. സ്റ്റാൻലി കുര്യൻ ഞാവള്ളി, കൊച്ചി യൂണിറ്റിനെ പ്രതിനിധീകരിച്ചു ശ്രീ. ജോർജ് കെ. സി. കാടൻകാവിൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

തുടർന്ന് കുമാരി സിസിൽ മരിയ ജോ കാടൻകാവിൽ അവതരിപ്പിച്ച ഒരു ആക്ഷൻ സോങ് ആയിരുന്നു.

പിന്നീട് നടന്നത് മീറ്റിംഗിൽ പങ്കെടുത്ത 80 വയസ്സിൽ മുകളിൽ പ്രായമുള്ള അംഗങ്ങളെ ആദരിക്കുന്ന ചടങ്ങായിരുന്നു. ശ്രീ. വി. ജെ. ജോസഫ് വിലങ്ങുപാറ, ശ്രീ. കെ. ജെ. ടോമി കാടൻകാവിൽ, പൊന്നെടുത്താംകുഴിയിൽ കുടുംബാംഗമായ ശ്രീമതി മേരി കൂന്താനം, റവ. സി. ജയിൻമേരി പഴയിടത്ത് എന്നീ മുതിർന്ന കുടുംബാംഗങ്ങളെ വേദിയിലേയ്ക്ക് ആനയിക്കുകയും, ഷാൾ അണിയിച്ചു ആദരിക്കുകയും ചെയ്തു.

തുടർന്ന് മാസ്റ്റർ ആബേൽ റിജു പുത്തൻപുരയ്ക്കൽ മനോഹരമായ ഒരു ഡാൻസ് അവതരിപ്പിച്ചു. ഇതേതുടർന്ന് കുമാരി സിസിൽ മരിയ ജോ കാടൻകാവിൽ അവതരിപ്പിച്ച നല്ലൊരു നൃത്തമായിരുന്നു.

അടുത്തതായി ഭരണസമിതിയിലേക്ക് ഒഴിവുവന്ന സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടന്നു.

പഴയിടം ശാഖ-1, പനമറ്റം ശാഖ-3, വിലങ്ങുപാറ ശാഖ-2, വനിതാ പ്രതിനിധി -2 എന്നിങ്ങനെയായിരുന്നു ഭരണസമിതിയിലേക്കുള്ള ഒഴിവുകൾ.

ഒഴിവു വന്ന സ്ഥാനങ്ങളിലേക്കു താഴെപ്പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു

ശ്രീ. ജോസി ചെറിയാൻ വിരമിച്ച ഒഴിവിലേക്കു പഴയിടം ശാഖാ പ്രതിനിധിയായി അഡ്വ. പി.കെ. സ്കറിയ തിരഞ്ഞെടുക്കപ്പെട്ടു.

പനമറ്റം ശാഖാ പ്രതിനിധികളായി ശ്രീ. കെ. ജെ. ടോമി കാടൻകാവിൽ, ശ്രീ. മനോജ് സിറിയക് കാടൻകാവിൽ, ശ്രീ. ഷാജി ചെറിയാൻ കൂന്താനം എന്നിവരും, വിലങ്ങുപാറ ശാഖാ പ്രതിനിധികളായി ശ്രീ. വി. ജെ. ജോസഫ് വിലങ്ങുപാറ, ശ്രീ. ജോർജ് ജോസഫ് പൊന്നെടുത്താംകുഴിയിൽ എന്നിവരും വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു,

ശ്രീമതി മേരി പോൾ ഞാവള്ളിയും, ശ്രീമതി മിലി ജി. ഞാവള്ളിയും വിരമിച്ച ഒഴിവുകളിലേക്കു  വനിതാ പ്രതിനിധികളായി ഡോ. ഡാലി ചാക്കോച്ചൻ ഞാവള്ളിയും, ഡോ. അനു പയസ് ഞാവള്ളിൽപുത്തൻപുരയ്ക്കലും തിരഞ്ഞെടുക്കപ്പെട്ടു

തിരഞ്ഞെടുപ്പുകൾ എല്ലാം ഐക്യകണ്ഠേന ആയിരുന്നു നടത്തിയത്

പുതുതായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ പ്രതിനിധികളെയും പ്രസിഡന്റ് ഹാർദ്ദവമായി സ്വാഗതം ചെയ്യുകയും, വിരമിച്ച പ്രതിനിധികളായ ശ്രീ. ജോസി ചെറിയാൻ പഴയിടം, ശ്രീമതി മേരി പോൾ ഞാവള്ളിൽ, ശ്രീമതി മിലി ജി. ഞാവള്ളിൽ എന്നിവരുടെ സേവനങ്ങളെ പ്രശംസിക്കുകയും, നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

പിന്നീട് ഞാവള്ളിൽ കുടുംബത്തിലെ 9 ശാഖകളിലും പെട്ട അംഗങ്ങൾ ശാഖ തിരിച്ച് പരിചയപ്പെടുത്തുകയും ഗ്രൂപ്പ് ഫോട്ടോ എടുക്കുകയും ചെയ്തു.

ഈ യോഗം തൊടുപുഴയിൽ വച്ച് നടത്താൻ സഹായസഹകരണങ്ങൾ നൽകിയ ഇടുക്കി യൂണിറ്റ് പ്രസിഡന്റ് ശ്രീ. ബേബി ജോസഫ് പഴയിടം, സെക്രട്ടറി ശ്രീ. ടോം തോമസ് കയത്തിൻകര, ശ്രീ. റോബി സിറിയക് പഴയിടം എന്നിവരെ പ്രസിഡന്റ് ഷാൾ അണിയിച്ചു ആദരിച്ചു.

പൊതുയോഗത്തിൽ പങ്കെടുത്ത വിശിഷ്ടാതിഥികൾക്ക് കുടുംബയോഗത്തിന്റെ വകയായി ഉപഹാരങ്ങൾ നൽകുകയുണ്ടായി. 150 -ഓളം അംഗങ്ങളാണ് പൊതുയോഗത്തിൽ പങ്കെടുത്തത്.

ഡോ. ചാക്കോച്ചൻ ഞാവള്ളിൽ യോഗത്തിൽ സംബന്ധിച്ച എല്ലാവർക്കും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തി സംസാരിച്ചു.

ഏകദേശം ഒന്നര മണിയോടെ യോഗനടപടികൾ അവസാനിച്ചു. എല്ലാവരും ഉച്ചഭക്ഷണത്തിനായി പിരിഞ്ഞു.

ഞാവള്ളിൽ കുടുംബയോഗത്തിന്റെ 28-ാം വാർഷിക സമ്മേളനം തൊടുപുഴ യിൽ വച്ച് നടത്തുവാൻ സഹായം ചെയ്ത തൊടുപുഴ യൂണിറ്റ് പ്രസിഡന്റ് ശ്രീ. ബേബി ജോസഫ് പഴയിടം, ശ്രീ. റോബി സിറിയക്ക് പഴയിടത്ത് എന്നിവർക്കും, യോഗം ഭംഗിയായി നടത്തുവാൻ സഹകരിച്ച കേന്ദ്ര കമ്മറ്റി അംഗങ്ങൾക്കും, യൂ ണിറ്റ് ഭാരവാഹികൾക്കും നന്ദി പറയുന്നു. പൊതുയോഗം വർണാഭമാക്കാൻ കലാ പരിപാടികൾ അവതരിപ്പിച്ച കുട്ടികൾക്കും അവരെ അതിനു തയ്യാറാക്കിയ മാതാ പിതാക്കൾക്കും നന്ദി പറയുന്നു. പാലായിൽനിന്നും, ഇടുക്കി, കാഞ്ഞിരപ്പള്ളി, എറണാകുളം, കോഴിക്കോട്, കണ്ണൂർ യൂണിറ്റുകളിൽനിന്നും സമ്മേളനത്തിന് എത്തി ച്ചേർന്ന എല്ലാ കുടുംബാംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനത്തിന്റെ ചിലവിലേക്കു സാമ്പത്തിക സഹായം നൽകി സഹായിച്ച കുടുംബാംഗങ്ങൾക്കും, ഫണ്ട് ശേഖരണത്തിന് മുൻകൈയെടുത്ത ഭാരവാഹികൾക്കും, കമ്മറ്റിയംഗങ്ങൾക്കും പ്രത്യേകം നന്ദി പറയുന്നു. കുടുംബയോഗ വാർഷികം നടത്തുവാനായിട്ടു ഹാൾ കുറഞ്ഞ വാടകയിൽ നൽകിയ തൊടുപുഴ മർച്ചന്റ് ട്രസ്റ്റ് നടത്തിപ്പുകാർക്ക് നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനത്തിന്റെ അസുലഭ നിമിഷങ്ങൾ ക്യാമറയിൽ പകർ ത്തിയ നമ്മുടെ കുടുംബാംഗം കൂടിയായ ഫോട്ടോഗ്രാഫർ ശ്രീ. സുഭാഷ് ജോർജ്ജ് പഴയിടത്തിനും രുചികരമായ ഭക്ഷണം വിതരണം ചെയ്ത നമ്മുടെ കുടുംബാംഗ മായ ശ്രീ. ബാസ്റ്റിൻ ലിറ്റോ കൂന്താനത്തിനും നന്ദി പറയുന്നു. വാർഷികസമ്മേളന ത്തിന്റെ ഫോട്ടോകൾ കുടുംബയോഗത്തിന്റെ വെബ്സൈറ്റായ njavallil.com ൽ ലഭ്യമാണ്.

സമ്മേളനത്തിന് മുന്നോടിയായി, അന്നേ ദിവസം ദിവ്യബലി അർപ്പിച്ച റവ. ഫാ. ഫിലിപ്പ് ഐക്കര, റവ.ഫാ. മാത്യു തെരുവൻകുന്നേൽ എന്നിവർക്ക്, ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു.

കുടുംബയോഗത്തിന്റെ പ്രവർത്തനങ്ങളിൽ ഞങ്ങൾക്ക് മാർഗ്ഗദീപവും, വഴി കാട്ടിയുമായ റവ.ഡോ. തോമസ് കാടൻകാവിൽ അച്ചന് ഞാവള്ളിൽ കുടുംബാംഗ ങ്ങളുടെ പേരിൽ നന്ദി അർപ്പിക്കുന്നു

അവസാനമായി നമ്മെ അനുനിമിഷം കാത്തുപരിപാലിക്കുകയും, വഴിനട ത്തുകയും അനുഗ്രഹങ്ങൾ ചൊരിയുകയും ചെയ്തുകൊണ്ടിരിക്കുന്ന സർവശക്ത നായ ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് ഈ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

❖

# NJAVALLIL KUDUMBAYOGAM CHARITABLE TRUST, KAROOR

## RECEIPTS & PAYMENTS ACCOUNT FOR THE YEAR ENDED 31.03.2025 (Audited)

| RECEIPTS | | AMOUNT | PAYMENTS | AMOUNT |
|---|---|---|---|---|
| To Opening Balance | | | By Annual Meeting Expenses | 1,74,579.00 |
| Cash in hand | | 8,948.00 | " Website Renewal Charges | 2,818.00 |
| Bank Balance | | | " Floral Tribute | 9,730.00 |
| A/C No:14010 | | 15,608.40 | " Scholorships Distributed | 19,000.00 |
| A/C No:13909 | | 1,534.24 | " Donation Paid- Medical | 12,000.00 |
| Federal Bank C A | | 9,582.00 | " Donation Paid- Poor help | 55,000.00 |
| Fixed Deposits | | | " Digital Certificate | 2,000.00 |
| Life Membership FD | | 3,40,000.00 | " Loan from Members Repaid | 16,000.00 |
| General FD | | 85,000.00 | " Bank Charges | 18.80 |
| Endowment FD | | 2,35,000.00 | " Closing Balances: | |
| Welfare Fund FD | | 3,75,000.00 | Cash in Hand | 30,622.00 |
| " Life Membership Collection | | 6,000.00 | Bank Balances: | |
| " Interest Received | | 72,923.00 | A/C No:14010 | 18,288.60 |
| " Donation Received | | | A/C No:13909 | 27,367.24 |
| Annual day Receipts | 1,85,651.00 | | Federal Bank CA | 9,823.00 |
| Medical Aid | 12,000.00 | | Fixed Deposits | |
| Poor Help | 55,000.00 | 2,52,651.00 | Life Membership FD | 3,55,000.00 |
| Awards & Scholarship | | 9,000.00 | Endowment FD | 2,35,000.00 |
| " Loan from Members | | 16,000.00 | Welfare Fund FD | 3,75,000.00 |
| | | | General FD | 85,000.00 |
| **TOTAL** | | **14,27,246.64** | **TOTAL** | **14,27,246.64** |

VIDE OUR REPORT OF EVEN DATE
Pala
31/05/2025

Sd/-
AUDITED
**NAMBIAR & THOMAS**
Charted Accountant
Thomas T Abraham FCA, DISA (ICA)
M No. 020506 (Partner), FRN002312S

# അറിയിപ്പുകൾ

- വെൽഫെയർ ഫണ്ടിൽ നിന്നും സഹായം ആവശ്യമുള്ളവർ ശാഖാ പ്രതിനിധികൾ കുടുംബ യൂണിറ്റ് ഭാരവാഹികൾ എന്നിവർ ആരെങ്കിലും വഴിയായി അപേക്ഷ നൽകേണ്ടതാണ്
- കുടുംബയോഗത്തിന്റെ ആയുഷ്കാല മെമ്പർഷിപ്പ് ഇതുവരെ എടുത്തിട്ടില്ലാത്തവർ വെബ് സൈറ്റിൽ നിന്നും ലഭ്യമായ അപേക്ഷ നൽകിയോ /നേരിട്ട് നൽകിയോ, ആയിരം രൂപ നൽകി എത്രയും വേഗം മെമ്പർഷിപ്പ് എടുക്കണം എന്ന് താല്പര്യപ്പെടുന്നു
- ഞാവള്ളിൽ കുടുംബയോഗം ചാരിറ്റബിൾ ട്രസ്റ്റിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ താഴെ കൊടുക്കുന്നു. അതുവഴിയായി വെൽഫെയർ ഫണ്ടിലേക്കും, മറ്റു ഫണ്ടുകളിലേക്കും സംഭാവനകൾ നൽകാവുന്നതാണ്.

| | | |
|---|---|---|
| Account No | : | 19320200000892 |
| Name | : | Njavallil Kudumbayogam Charitable Trust |
| Bank | : | Federal Bank, Kottaramattom, Pala |
| IFSC Code | : | FDRL0001932 |

നമ്മുടെ കുടുംബയോഗത്തിന്റെ QR code ഉപയോഗിച്ചും സംഭാവനകൾ നല്കാവുന്നതാണ്.

**njavalliltrust1@fbl**



ക്രിസ്തുമസിന്റെയും
നവവത്സരത്തിന്റെയും
സ്നേഹം നിറഞ്ഞ

# ആശംസകൾ

# സ്നേഹസ്മരണയ്ക്ക്



**ജോസഫ് ചാണ്ടി**

ജനനം : 06.01.1915

മരണം : 18.01.1998

**മറിയാമ്മ ചാണ്ടി**

ജനനം : 14.11.1924

മരണം : 12.06.1999

**ഞാവള്ളിൽ കൂന്താനത്ത്, കരൂർ, പാലാ**



**അലക്സാണ്ടർ ഫ്രാൻസിസ്**

**(ചാണ്ടികുഞ്ഞ്)**

മരണം : 06.11.2012

**ത്രേസ്യാമ്മ അലക്സാണ്ടർ**

മരണം : 23.12.2022

**ഞാവള്ളിൽ കയത്തിൻകര, കരൂർ**

# 28 –ാം വാർഷികസമ്മേളനം 26.01.2025






















# ഭരണസമിതി 2025–2026



രക്ഷാധികാരി
**റവ. ഡോ. തോമസ് കാടൻകാവിൽ CMI**



പ്രസിഡന്റ്
**അലക്സ് കെ. സി. കൂന്താനത്ത്**
**കരൂർ**
**പുത്തൻപുരയ്ക്കൽ ശാഖ**



വൈസ് പ്രസിഡന്റ്
**സതീഷ് ഫ്രാൻസിസ്**
**ഞാവള്ളിൽ, ഏഴാച്ചേരി**
**തറവാട് ശാഖ**



സെക്രട്ടറി
**കുര്യാക്കോസ് അലക്സാണ്ടർ**
**കയത്തിൻകര, കരൂർ**
**പുത്തൻപുരയ്ക്കൽ ശാഖ**



ജോയിന്റ് സെക്രട്ടറി
**സിറിയക് ക്രിസ്റ്റഫർ തോമസ്**
**തെക്കേൽ, പാലാ**
**തെക്കേൽ ശാഖ**



ട്രഷറർ
**ടോമി സെബാസ്റ്റ്യൻ**
**മംഗലത്തിൽ, പാലാ**
**തെരുവൻകുന്നേൽ ശാഖ**

# ശാഖ പ്രതിനിധികൾ



**പഴയിടം**

അഡ്വ. പി.കെ. സ്കറിയ

പഴയിടത്ത്, മുട്ടം, തൊടുപുഴ



**പുത്തൻപുരയിൽ**

ജോസുകുട്ടി പി.എം

ഞാവള്ളി പുത്തൻപുരയിൽ, കരൂർ



**തെരുവൻകുന്നേൽ**

സെബാസ്റ്റ്യൻ റ്റി.ജെ.

തെരുവൻകുന്നേൽ, പൊൻകുന്നം



**മഞ്ഞക്കുന്നേൽ**

ജോസ് മഞ്ഞക്കുന്നേൽ

മഞ്ഞക്കുന്നേൽ, കരൂർ



**പനമറ്റം**

കെ ജെ ടോമി

കാടൻകാവിൽ കരൂർ



**പനമറ്റം**

മനോജ് സിറിയക്ക്

കാടൻകാവിൽ, പാലാ



**പനമറ്റം**

ഷാജി ചെറിയാൻ

കൂന്താനം

അഞ്ഞൂറ്റിമംഗലം



**വിലങ്ങുപാറ**

ജോർജ്ജ് ജോസഫ്

പൊന്നെടുത്താംകുഴിയിൽ

കരൂർ



**വിലങ്ങുപാറ ശാഖ**
വി.ജെ. ജോസഫ്
വിലങ്ങുപാറ, കരൂർ



**പുത്തൻപുരയ്ക്കൽ**
ജോസഫ് അഗസ്റ്റിൻ
പുത്തൻപുരയ്ക്കൽ, കരൂർ



**തറവാട്**
അലക്സ് കുര്യൻ
ഞാവള്ളിൽ, കരൂർ



**തറവാട്**
അഗസ്റ്റിൻ ജോസഫ്
ആണ്ടുക്കുന്നേൽ
പയപ്പാർ



**തറവാട്**
ഡോ. ചാക്കോച്ചൻ ജെ.
ഞാവള്ളിൽ ചൂരനാട്ട്, കാഞ്ഞിരപ്പള്ളി



**വനിതാ പ്രതിനിധി**
ഡോ. ഡാലി ചാക്കോച്ചൻ
ഞാവള്ളിൽ ചൂരനാട്ട്
കാഞ്ഞിരപ്പള്ളി



**വനിതാ പ്രതിനിധി**
ഡോ. അനു പയസ്
ഞാവള്ളിൽ പുത്തൻപുരയ്ക്കൽ
കരൂർ



**യുവജനപ്രതിനിധി**
മാണി.ജെ.ഞാവള്ളിൽ
ഞാവള്ളി പുത്തൻപുരയിൽ
കരൂർ

# യൂണിറ്റ് പ്രസിഡന്റുമാർ



കൊച്ചി യൂണിറ്റ്
**അലക്സ് സിറിയക് ഞാവള്ളിൽ**



കാഞ്ഞിരപ്പള്ളി യൂണിറ്റ്
**സ്റ്റാൻലി കുര്യൻ ഞാവള്ളിൽ**



കോഴിക്കോട് യൂണിറ്റ്
**ഹാംലെറ്റ് എബ്രഹാം കൂന്താനം**



കണ്ണൂർ യൂണിറ്റ്
**കെ ടി ദേവസ്യ കൂന്താനത്ത്**



ഇടുക്കി യൂണിറ്റ്
**ബേബി ജോസഫ് പഴയിടം**



ബാംഗ്ലൂർ യൂണിറ്റ്
**ലീന ബെന്നി ഞാവള്ളിൽ**



യു. കെ (ഇംഗ്ലണ്ട്) യൂണിറ്റ്
**സതീഷ് സ്കറിയ ഞാവള്ളിൽ**

# സ്നേഹസ്മരണയ്ക്ക്



**കുരുവിള ഔസേപ്പ്**

ഞാവള്ളിൽ പഴയിടത്ത്, അഞ്ചിരി

ജനനം : 23–04–1916

മരണം : 06–05–2006



**അന്നമ്മ ജോസഫ്**

ഞാവള്ളിൽ പഴയിടത്ത്, അഞ്ചിരി

ജനനം : 30.11.1918

മരണം : 14.06.2013



**ഡെന്നി സിറിയക്**

ഞാവള്ളിൽ പഴയിടത്ത്, അഞ്ചിരി

ജനനം : 11-03-1968

മരണം : 07-09-2007



**പി.കെ. കുര്യൻ**

ഞാവള്ളി പഴയിടത്ത്

ജനനം :17.11.1941

മരണം :08.12.2013

## ഞാവള്ളിൽ പഴയിടത്ത്
## അഞ്ചിരി

# യു.കെ. യൂണിറ്റ് മീറ്റിംഗ് സമ്മേളനം ഒക്ടോബർ 2025













# സ്നേഹസ്മരണയ്ക്ക്



**ജോസഫ് തോമസ്**
ജനനം : 21.08.1908
മരണം : 10.01.1993



**അന്നമ്മ തോമസ്**
ജനനം : 28.01.1912
മരണം : 27.11.2008

**ഞാവള്ളിൽ കൂന്താനം, കരൂർ**

# സ്നേഹസ്മരണയ്ക്ക്



**ഉതുപ്പ് ജോസഫ്**
മരണം : 19.07.1990

**ഏലിക്കുട്ടി ജോസഫ്**
മരണം : 31.03.2007



**വത്സമ്മ ആഗസ്റ്റിൻ**

ജനനം : 28.07.1958,
മരണം : 30.08.2024

**ഞാവള്ളിൽ ആണ്ടൂകുന്നേൽ, കരൂർ**